2014
മാർച്ച് 25
വാല്യം 07
ലക്കം 06

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# അസംബ്ലീസ് ഓഫ് ഗോഡ് ഭാരവാഹികൾ

## പാസ്റ്റർ ടി.ജെ. സാമുവൽ സൂപ്രണ്ട്, പാസ്റ്റർ തോമസ് ഫിലിപ്പ് സെക്രട്ടറി


പാസ്റ്റർ ടി.ജെ. സാമുവൽ സൂപ്രണ്ട്


പാസ്റ്റർ പി.എസ്. ഫിലിപ്പ് അസി. സൂപ്രണ്ട്


പാസ്റ്റർ തോമസ് ഫിലിപ്പ് സെക്രട്ടറി


പാസ്റ്റർ യാഹ്ദത്ത് മണി ട്രഷറർ


പാസ്റ്റർ ജോസ് തോമസ് കമ്മറ്റിയംഗം

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടായി പാസ്റ്റർ ടി.ജെ. സാമുവൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ പി.എസ്. ഫിലിപ്പ് (അസി. സൂപ്രണ്ട്), പാസ്റ്റർ തോമസ് ഫിലിപ്പ് (സെക്രട്ടറി), പാസ്റ്റർ യാഹ്ദത്ത് മണി (ട്രഷറർ), പാസ്റ്റർ ജോസ് തോമസ് (കമ്മറ്റിയംഗം) എന്നിവരും പുനലൂരിൽ നടന്ന സംസ്ഥാന കോൺഫ്രൻസിൽ തെരഞ്ഞെടുക്കപ്പെട്ടു. മാർച്ച് 11, 12 തീയതികളിലായി പുനലൂർ എ.ജി. ആസ്ഥാനത്ത് നടന്ന വാർഷിക സമ്മേളനത്തിൽ തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ട് ജില്ലകളിൽ ഉൾപ്പെട്ട 800 ലധികം സഭകളെ പ്രതിനിധീകരിച്ച് 1360 പ്രതിനിധികൾ സമ്മേളിച്ചു.

സൂപ്രണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ടി.ജെ. സാമുവേൽ മലയാളം ഡിസ്ട്രിക്ടിൽ കൂടുതൽ കാലയളവ് സൂപ്രണ്ടായി സേവനം അനുഷ്ഠിക്കാനുള്ള അവസരത്തിലേക്കാണ് പ്രവേശിച്ചിരിക്കുന്നത്. അഞ്ചൽ സെക്ഷൻ പ്രസ്ബിറ്ററായി നേതൃരംഗത്ത് പ്ര

04

# പാസ്റ്റർ വെസ്ലി പീറ്റർ ദി പെന്തെക്കോസ്ത് മിഷൻ ചീഫ് പാസ്റ്റർ

ചാക്കോ കെ. തോമസ്



**ചെന്നൈ:** ലോകത്തിലെ 65-ൽ പരം രാജ്യങ്ങളിൽ സുവിശേഷപ്രവർത്തനം നടത്തുന്ന ദി പെന്തെക്കോസ്ത് മിഷൻ സഭ ചീഫ് പാസ്റ്ററായി വെസ്ലി പീറ്റർ(59) (GEOFREY SAM PETER) നിയമിതനായി. നിത്യതയിൽ ചേർക്കപ്പെട്ട ചീഫ് പാസ്റ്റർ വിൽസൺ ജോസഫിന്റെ ഒഴിവിലാണു നിയമനം. മധുര സ്വദേശി പാസ്റ്റർ. എൻ സ്റ്റീഫൻ ഡപ്യൂട്ടി ചീഫ് പാസ്റ്ററായും, ശ്രീലങ്കൻ സ്വദേശിയും സിലോൺ പെന്തെക്കോസ്ത് മിഷൻ ശ്രീലങ്കയുടെ പ്രസിഡന്റുമായ പാസ്റ്റർ. ജെയം ഡെപ്യൂട്ടി അസിസ്റ്റന്റ് ചീഫ് പാസ്റ്ററായും നിയമിതരായി. കായംകുളം പുതുപ്പള്ളി പായിക്കാട്ട് പരേതരായ വി. പീറ്റർ- ലില്ലി ദമ്പതികളുടെ മകനായ വെസ്ലി പീറ്റർ കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ദൈവവിളിയെ തുടർന്ന് 1947-ൽ എറണാകുളം തേവരയിലുണ്ടായിരുന്ന ഫെയ്ത്ത് ഹോമിൽ വെച്ച് അന്നത്ത് ഡപ്യൂട്ടി ചീഫ് പാസ്റ്ററായിരുന്ന ജേക്കബ് രത്നസിങ് പ്രാർത്ഥിച്ച് സുവിശേഷ പ്രവർത്തനത്തിന് ഇറങ്ങിതിരിക്കുകയായിരുന്നു. നിത്യതയിൽ ചേർക്കപ്പെട്ട ചീഫ് പാസ്റ്റർമാരായിരുന്ന എ. സി.തോമസ്, ജേക്കബ് രത്നസിങും എന്നിവരുടെ കൺവൻഷൻ പ്രസംഗപരിഭാഷകനുമായിരുന്ന അദ്ദേഹം 1988-ൽ മലേഷ്യ, ഇംഗ്ലണ്ട്, അമേരിക്ക എന്നിവിടങ്ങളിലായിരുന്നു കുറെക്കാലം പ്രവർത്തനം. 2001 മുതൽ ചെന്നൈ സഭാ ആസ്ഥാനത്തായിരുന്നു പ്രവർത്തനം. 2004ൽ അസോ. ഡപ്യൂട്ടി ചീഫ് പാസ്റ്ററായും 2006ൽ ഡപ്യൂട്ടി ചീഫ് പാസ്റ്ററുമായി.

1924-ൽ മലയാളിയായ പാസ്റ്റർ. പോൾ സ്ഥാപിച്ച ദി പെന്തെക്കോസ്ത് മിഷൻ സഭയ്ക്ക് ഇന്ത്യയിൽ 42 സെന്ററുകളും രണ്ടായിരത്തിൽ പരം ഫെയ്ത്ത്ഹോമുകളും വിദേശ രാജ്യങ്ങളിൽ 46 സെന്ററുകളും 300-ൽ പരം സഭകളും പതിനായിരത്തിൽപരം ശുശ്രൂഷകരുമുണ്ട്.

# ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ


പായിപ്പാട് നടന്ന ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ സഭാ പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

**പായിപ്പാട്:** ലോകത്തിന്റെ നിയന്ത്രണം കർത്താവിന്റെ കരങ്ങളിലായതിനാൽ ദൈവജനം ലോകാഭിപ്രായത്തെക്കാൾ ദൈവീക ആലോചനയ്ക്ക് വിധേയപ്പെടുന്നവരായിരിക്കണമെന്നും ബുദ്ധിയിൽ ആശ്രയിക്കുന്ന

04

# സംവരണത്തിന് മതം മാനദണ്ഡമാക്കരുത്: ദേശീയ സഭാ കൗൺസിൽ

## പ്രകാശ് പി. കോശി

ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സംവരണവും മറ്റാനുകൂല്യങ്ങളും നഷ്ടപ്പെട്ട ഇന്ത്യയിലെ ദളിത് ക്രൈസ്തവരുടെ ദുരവസ്ഥ ദേശീയ സഭാ കൗൺസിൽ (NCCI)അടുത്തയിടെ സംഘടിപ്പിച്ച ഒരു യോഗത്തിൽ പ്രമുഖ ചർച്ചാ വിഷയമായി മാറി.

ഐക്യ രാഷ്ട്ര സഭയുടെ പ്രത്യേക പ്രതിനിധി പ്രൊഫസർ ഹെയ്നർ ബെയ്ൽ ഫെൽഡ്റ്റ് ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തെപ്പറ്റിയും വിശ്വാസങ്ങളെപ്പറ്റിയും പഠിക്കാൻ രാജ്യം സന്ദർശിച്ചപ്പോൾ ദേശീയ സഭാ കൗൺസിൽ അദ്ദേഹമായി ഒരു ചർച്ച ഡൽഹിയിൽ സംഘടിപ്പിച്ചു.

കൗൺസിലിന്റെ പത്ര കുറിപ്പ് പ്രകാരം, ഇന്ത്യയിലെ ദലിത് വിഭാഗങ്ങളിൽ നിന്നുള്ള ക്രൈസ്തവരുടേയും മുസ്ലിങ്ങളുടെയും പരിതാപകരമായ അവസ്ഥയും സമൂഹത്തിൽ മറ്റുള്ള വിഭാഗങ്ങളോട് എത്തുവാൻ അവർക്ക് ആവശ്യമായ സംവരണത്തിന്റെ പ്രാധന്യത്തെപ്പറ്റിയും സഭാ പ്രതിനിധികൾ യു. എൻ പ്രതിനിധിയെ അറിയിച്ചു. സ്വാതന്ത്ര്യം നേടി അറുപത് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇവിടുത്തെ ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. മാറിവരുന്ന ഗവൺമെന്റുകൾ ഇവരുടെ ആവശ്യങ്ങൾക്ക് നേരെ മുഖം തിരിക്കുന്ന നിലപാടാണ് എടുക്കുന്നത്. മാത്രമല്ല, 2013- ഡിസംബർ മാസം സംവരണത്തിനുവേണ്ടിയും ആനുകൂല്യങ്ങൾക്ക് വേണ്ടിയും സമാധാനപരമായ രീതിയിൽ സമരം ചെയ്ത് ക്രൈസ്തവ നേതാക്കന്മാരായും മറ്റും ഡൽഹി പോലീസ് മർദ്ദിച്ചവശരാക്കി. ചർച്ചയിൽ പങ്കെടുത്ത മിക്കവരുടേയും ആവശ്യം മതത്തിന്റെ അടിസ്ഥാനത്തിൽ സംവരണം നൽകാതിരിക്കുക എന്നാണ്. ഹിന്ദു, സിക്ക്, ബുദ്ധ മതത്തിൽ വിശ്വസിക്കുന്ന ദളിതർക്ക് സംവരണ

04

## സാക്ഷി



ബിലീവേഴ്സ് ജേണൽ പത്രാധിപർക്ക് വധഭീഷണി

*പെന്തക്കോസ്തിലും താലിബാനിസമോ*

# മുളക്കുഴയിൽ കൗൺസിൽ അംഗങ്ങളെ ഘെരാവോ ചെയ്തു നാണക്കേടിന്റെ പുതിയ അദ്ധ്യായം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും സമൂഹത്തിൽ തലതാഴ്ത്തത്തക്കനിലയിൽ ഉള്ളതുമായ സംഭവങ്ങൾക്കാണ് കഴിഞ്ഞ ആഴ്ച മുളക്കുഴ സീയോൻകുന്ന് സാക്ഷ്യം വഹിച്ചത്. ഭരണസമിതിയായ കൗൺസിലിൽ തങ്ങളെയും ഉൾപ്പെടുത്തണമെന്നും സ്ഥലംമാറ്റം തീരുമാനിക്കുന്ന കൗൺസിലിൽ ഇരുത്തണമെന്നും ആവശ്യപ്പെട്ട് വിശ്വാസികളുടെ സ്റ്റേറ്റ് ബോർഡ് അംഗങ്ങളാണ് കൗൺസിൽ ഹാളിൽ ഘെരാവോ നടത്തിയത്. പുറത്തേക്കിറങ്ങാൻ ശ്രമിച്ച ശുശ്രൂഷകനെ തടഞ്ഞുവെച്ചും മേശകളിൽ അടിച്ചും കൈയ്യൂക്കുകാട്ടിയും ഭരണം പിടിച്ചെടുക്കാനുള്ള ശ്രമമാണ് ഇവർ നടത്തിയത്. ദൈവസഭയുടെ ചരിത്രത്തിൽ ഇതുവരെയും ഉണ്ടാകാത്ത തരംതാണ സംഭവങ്ങളാണ് മുളക്കുഴയിൽ ഉണ്ടായത്. സ്ഥാപിത താൽപര്യക്കാരായ രണ്ടോമൂന്നോ പേരുടെ സ്വാർത്ഥ താൽപര്യത്തിന് സ്റ്റേറ്റ് ബോർഡിനെ ദുരുപയോഗിക്കുകയായിരുന്നു എന്ന് ചില ബോർഡ് അംഗങ്ങൾ ജേണലിനോട് പറഞ്ഞു. കൗൺസിൽ അംഗങ്ങളായ ശുശ്രൂഷകർ മാന്യതയോടെ സംയമനം പാലിക്കുകയും സമാധാനമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്തു. ശുശ്രൂഷകരും വിശ്വാസികളും തമ്മിൽ ഭിന്നിപ്പുണ്ടെന്ന് വരുത്തുവാനും സംഘർഷമുണ്ടാക്കി മുതലെടുക്കുവാനുമാണ് ചിലർ ശ്രമിച്ചത്. 18/03/2014 ലാണ് ദൈവസഭയുടെ ചരിത്രത്തിൽ എന്നും കറുത്ത ഏടായി മാറിയ സംഭവം അരങ്ങേറിയത്. ദൈവസഭയിലെ മുൻ ബോർഡ് അംഗങ്ങളും വിശ്വാസികളും ശുശ്രൂഷകരും സ്റ്റേറ്റ് ബോർഡ് നടത്തിയ ലജ്ജാകരമായ പ്രവൃത്തിയിൽ പ്രതിഷേധിക്കുകയാണ്.

സ്റ്റേറ്റ് ബോർഡിലെ രണ്ട് അംഗങ്ങൾ ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ സാംകുട്ടി മാത്യുവിനെ 17-ാം തീയതി ഫോണിലൂടെ ഭീഷണിപ്പെടുത്തിയതിന് പിന്നാലെയാണ് ഈ സംഭവം. ചർച്ച് ഓഫ് ഗോഡിനെതിരെ എഴുതിയാൽ കാലും കൈയും വെട്ടുമെന്നും വീട്ടിൽ കിടത്തിയുറക്കില്ലെന്നും ആയിരുന്നു ഭീഷണി. ഇവരുടെ പേരുകൾ ഇവിടെ പറയുന്നില്ല. നിയമാനുസൃതം ഉള്ള നടപടികളുമായി മുമ്പോട്ട് പോകുവാനാണ് ബിലീവേഴ്സ് ജേണൽ ബോർഡിന്റെ തീരുമാനം.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഗുണ്ടായിസം പെന്തക്കോസ്തിന് ഭൂഷണമോ?

മാർച്ച് 17-ാം തീയതി ഉച്ച കഴിഞ്ഞ് 4 മണിക്കും വൈകിട്ട് 7 മണിക്കും രണ്ട് ഫോൺ കോളുകൾ എനിക്ക് ലഭിച്ചു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ വിശ്വാസികളുടെ സമിതിയായ സ്റ്റേറ്റ് ബോർഡ് അംഗങ്ങളായ രണ്ടു സഹോദരന്മാരാണ് വിളിച്ചത്. ചർച്ച് ഓഫ് ഗോഡിനും ഓവർസിയർക്കുമെതിരെ ഇനിയും എഴുതിയാൽ കാലും കൈയും വെട്ടുമെന്നും വീട്ടിൽ കിടന്നുറങ്ങാൻ സമ്മതിക്കില്ലെന്നും ഞങ്ങളെക്കുറിച്ചറിയണമെങ്കിൽ ഞങ്ങളുടെ സ്ഥലത്ത് അന്വേഷിച്ചാൽ മതിയെന്നും ആ സഹോദരന്മാർ ഭീഷണിപ്പെടുത്തി. ചർച്ച് ഓഫ് ഗോഡിലെ രണ്ടരലക്ഷം വിശ്വാസികളുടെ പ്രതിനിധികളാണ് തങ്ങളെന്നും അതുകൊണ്ട് ഞങ്ങൾ എന്തുംചെയ്യുമെന്നും അവർ പറഞ്ഞു (രണ്ടരലക്ഷം പോയിട്ട് ഇരുപത്തിയയ്യായിരം അംഗങ്ങളെങ്കിലും ചർച്ച് ഓഫ് ഗോഡിൽ ഉണ്ടായിരുന്നെങ്കിൽ എന്ന് പ്രാർത്ഥിക്കുന്ന ഒരു ചർച്ച് ഓഫ് ഗോഡ് അംഗമാണ് ഞാൻ). ഇത് കേട്ട എനിക്ക് ഉണ്ടായ അമ്പരപ്പ് പ്രാണഭയം അല്ലായിരുന്നു. പെന്തക്കോസ്തിൽ ഗുണ്ടായിസം ഉണ്ടോ എന്ന അമ്പരപ്പായിരുന്നു. ചർച്ച് ഓഫ് ഗോഡ് എന്ന പ്രസ്ഥാനത്തിന് ബിലീവേഴ്സ് ജേണൽ എതിരല്ല എന്നത് മാന്യവായനക്കാർക്കെല്ലാവർക്കും അറിയാം. നേതൃത്വനിരയിൽ ഉള്ളവരുടെ അഴിമതി, സ്വജനപക്ഷപാതം, നയവ്യതിയാനങ്ങൾ, ഏകാധിപത്യം ഇവയ്ക്കെതിരെ ബിലീവേഴ്സ് ജേണൽ എന്നും ശബ്ദമുയർത്തിയിട്ടുണ്ട്. ആ എതിർപ്പ് വ്യക്തികേന്ദ്രീകൃതമല്ല, ആശയപരം മാത്രമാണ്.

തമിഴ്നാട് ഓവർസിയറായിരുന്ന വെല്ലസ്ലി സോളമൻ, കേരളാ റീജിയൻ ഓവർസിയറായിരുന്ന തോമസ് ജോൺ എന്നിവരുടെ അഴിമതി ബിലീവേഴ്സ് ജേണൽ തുറന്നെഴുതുകയും അത് തുടർ നടപടികളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട് എന്നത് ചരിത്രം. തൊടുപുഴയിൽ ദൈവസഭയ്ക്കുണ്ടായിരുന്ന ഓർഫനേജിന്റെ സ്ഥലവും കെട്ടിടവും വിൽക്കുവാൻ അണിയറയിൽ നീക്കം നടന്നപ്പോൾ അത് പുറത്തുകൊണ്ടുവന്നത് ബിലീവേഴ്സ് ജേണൽ ആയിരുന്നു. അന്ന് ആ വാർത്ത സഭാനേതൃത്വം നിഷേധിച്ചു. എന്നാൽ ചില മാസങ്ങൾക്കുള്ളിൽ ആ വസ്തു വിൽക്കുകയും ആറന്മുളയിൽ വസ്തു വാങ്ങുകയും ചെയ്തു. അതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ, ചർച്ചകൾ എല്ലാം ചർച്ച് ഓഫ് ഗോഡിൽ പരസ്യമായ രഹസ്യമാണ്. അന്ന് എന്ത് നിലപാട് ബിലീവേഴ്സ് ജേണലിനുണ്ടായുന്നോ അതുതന്നെയാണ് ഇന്നും ഉള്ളത്. റവ. പി. ജെ. ജെയിംസ് ഓവർസിയർ സ്ഥാനത്തെത്തിയപ്പോൾ ബിലീവേഴ്സ് ജേണൽ എല്ലാവിധ പിന്തുണയും അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് അംഗമെന്ന നിലയിലും ഒരു പത്രപ്രവർത്തകനെന്ന നിലയിലും അദ്ദേഹത്തിന് ഞങ്ങൾ അന്ന് ഒരു തുറന്ന കത്ത് ജേണലിലെഴുതിയിരുന്നു. ഒരു ഓവർസിയർ എന്ന നിലയിൽ അദ്ദേഹത്തിനു വന്ന പരാജയങ്ങൾ നയവ്യതിയാനങ്ങൾ എല്ലാം ഞങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് ചെയ്തിട്ടുള്ളത്. തിരുവല്ലയിൽ പാസ്റ്റർ എം. കുഞ്ഞപ്പിയെ അട്ടിമറിച്ച് ഓവർസിയറായ സംഭവം ദൈവസഭയുടെ എല്ലാ നിയമങ്ങൾക്കും സൊസൈറ്റിനിയമങ്ങൾക്കും എതിരായിരുന്നു. എന്നാൽ ജനവികാരം അദ്ദേഹത്തോടൊപ്പമായിരുന്നതിനാൽ ജനത്തിന്റെ പ്രതീക്ഷയ്ക്ക് അനുസരിച്ച് ദൈവസഭയ്ക്ക് മുന്നേറ്റം നൽകുവാൻ അദ്ദേഹത്തിന് കഴിയും എന്ന വിശ്വാസത്തിൽ ഞങ്ങൾ അദ്ദേഹത്തിന് പിന്തുണനൽകി. അതിന്റെ അർത്ഥം എല്ലാറ്റിനും ഏറാൻമൂളികളായി നിൽക്കും എന്നല്ല. ഒരു നേതാവ് ഒരിക്കലും വിമർശനങ്ങൾക്ക് അതീതനല്ല.

റവ. പി. ജെ. ജെയിംസിനെ തെരഞ്ഞെടുത്ത ജനറൽ ബോഡിയിൽ ഏഷ്യൻ സൂപ്രണ്ടായിരുന്ന റവ. ഹെപ്നർ പ്രഖ്യാപിച്ച പ്രധാനപ്പെട്ട ഒരു വസ്തുതയുണ്ട്. അതിന് ഞാൻ ദൃക്സാക്ഷിയും കേൾവിക്കാരനുമാണ്. എല്ലാ രണ്ടുവർഷം കൂടുമ്പോഴും ഓവർസിയർമാർക്ക് പ്രിഫറൻസ് ബാലറ്റ് ഉണ്ടായിരിക്കും. അത് കൗൺസിലിൽ അല്ലായെന്നും പാസ്റ്റേഴ്സ് ജനറൽ ബോഡിയിലായിരിക്കുമെന്നും ആണ് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞത്. അവിടെകൂടിയിരുന്ന പാസ്റ്റേഴ്സ് മാത്രമല്ല പന്തലിനു ചുറ്റുപാടുമുണ്ടായിരുന്ന വലിയ ഒരു വിശ്വാസി സമൂഹവും ഇത് കൈയ്യടിയോടെ സ്വീകരിച്ച വസ്തുതയാണ്. ഞങ്ങളും അതു മാത്രമേ പറഞ്ഞുള്ളൂ. അത് എങ്ങനെ പി. ജെ. ജെയിംസ് സാറിന് എതിരാകും? ഒരു വ്യക്തി അല്ല ഇവിടുത്തെ വിഷയം. ഇനി വരുന്ന എല്ലാ ഓവർസിയർമാരും ഈ പ്രക്രിയയിലൂടെ കടന്നുപോകണം എന്നുമാത്രമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അധികാരം ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കാതെ അധികാരവികേന്ദ്രീകരണം നടക്കണം എന്നാണ് ഞങ്ങൾ എഴുതിയത്. യോഗ്യരായ വിശ്വാസി പ്രതിനിധികളെയും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ തെരഞ്ഞെടുത്ത് ഭരണകാര്യങ്ങളിൽ പങ്കാളികളാക്കണം എന്നതാണ് ജേണലും ആവശ്യപ്പെട്ടിട്ടുള്ളത്.

മുളക്കുഴ ബംഗ്ലാവിന്റെ അടുക്കള വാതിൽ വഴിയായി അകത്ത് കയറി മുഖസ്തുതി പാടുന്നവരും സ്ഥാനമോഹികളും ഏറാൻമൂളികളും ഓവർസിയറെ തങ്ങളാണ് താങ്ങിനിർത്തുന്നതെന്ന് ഭാവിക്കുമ്പോൾ അങ്ങനെയുള്ളവരോട് തോന്നുന്നത് പുച്ഛം മാത്രമാണ്. സ്ഥാനമാനങ്ങൾക്കും സമ്മാനങ്ങൾക്കുംവേണ്ടി അധികാരകേന്ദ്രങ്ങളിൽ കയറിയിറങ്ങുന്ന സംസ്കാരം ഉള്ളവർ ആരും തന്നെ ബിലീവേഴ്സ് ജേണലിലില്ല. ഇംഗ്ലണ്ടിലെ നാലോ അഞ്ചോ കുടുംബങ്ങൾ പാവപ്പെട്ട ഇരുപതു ശതമാനം ജനങ്ങൾക്കുള്ള സ്വത്തിലധികം കൈയാളുന്നു എന്ന് മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. അതുപോലെ വിരലിലെണ്ണാവുന്നവർ പെന്തക്കോസ്ത് സഭകളിൽ സമ്പാദിച്ചു കൂട്ടുകയും അധികാരം പങ്കിടുകയും ചെയ്യുമ്പോൾ തൊണ്ണൂറ് ശതമാനത്തിലധികം വിശ്വാസികളും ശുശ്രൂഷകരും ശബ്ദമില്ലാത്തവരായി ബുദ്ധിമുട്ടിൽ കഴിയുന്നു. അവരുടെ ശബ്ദമാകാനാണ് ജേണൽ എന്നും ശ്രമിച്ചിട്ടുള്ളത്. സത്യം തുറന്ന് പറയുന്നതിന്റെ പേരിൽ ഉണ്ടാകുന്ന ശത്രുതകൾ ഞങ്ങൾ കാര്യമാക്കുന്നില്ല. കാരണം യഹൂദാ മതത്തിന്റെ കാപട്യങ്ങൾക്കെതിരെ ശബ്ദമുയർത്തുകയും സത്യം തുറന്നുപറയുകയും ചെയ്ത യേശുക്രിസ്തുവിനെ അന്നത്തെ മതനേതൃത്വം ക്രൂശിൽ തറയ്ക്കുകയായിരുന്നു. ഇന്ന് ഈ കാലഘട്ടത്തിലാണ് യേശുക്രിസ്തു വന്നിരുന്നതെങ്കിൽ അവനെ ക്രൂശിക്കുവാൻ മുമ്പിൽ നിൽക്കുന്നത് ഇവിടുത്തെ പെന്തക്കോസ്തുകാർ ആയിരുന്നേനേ.




ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ നടത്തിയ വധഭീഷണി തന്റെ അറിവോടെ അല്ലെന്ന് ബഹുമാന്യനായ ഓവർസിയർ അറിയിക്കുകയുണ്ടായി. അത് ഞങ്ങൾ വിശ്വാസത്തിലെടുക്കുകയും ചെയ്യുന്നു. ഒരു മാധ്യമത്തിൽ തന്റെ അഭിമുഖം പ്രസിദ്ധീകരിച്ചതിൽ മാധ്യമ പ്രവർത്തകർക്കെതിരെ വന്ന പരാമർശം താൻ നടത്തിയിട്ടുള്ളതല്ല എന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. അതും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ഇനിയും ഇത്തരം ഭീഷണികൾ വരികയും ആരെങ്കിലും അത് പ്രാവർത്തികമാക്കുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ചർച്ച് ഓഫ് ഗോഡ് നേതൃത്വത്തിന് ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല എന്ന വസ്തുതയും ഓർപ്പിക്കട്ടെ. സഹിഷ്ണതയുടെയും ത്യാഗത്തിന്റെയും സംയമനത്തിന്റെയും പാത വെട്ടിത്തുറന്ന പിതാക്കന്മാരുടെ പിൻഗാമികളായ പെന്തക്കോസ്ത് നേതാക്കന്മാർ ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്. തങ്ങളെ താങ്ങിനിർത്തേണ്ടതും ഉപദേശിക്കേണ്ടതും ഇത്തരം ഗുണ്ടാസംസ്കാരം ഉള്ളവർ ആകണമോ? അഭിപ്രായ സ്വാതന്ത്ര്യം ആർക്കുമുണ്ട്. അത് ശാരീരിക ആക്രമണത്തിലൂടെ അടിച്ചമർത്തുവാൻ ശ്രമിക്കുന്നവർ ചരിത്രം അറിയാത്ത ഭോഷന്മാരാണ്. ഞങ്ങൾക്ക് ശാരീരികമായ ആക്രമണം നടത്തുവാനോ പ്രതിരോധിക്കുവാനോ കഴിവുള്ളവരല്ല. അതിന് ശ്രമിക്കുകയും ഇല്ല. അത് ഞങ്ങളുടെ മാർഗ്ഗവുമല്ല. എന്നാൽ ഗുണ്ടകളും ഗുണ്ടാസംസ്കാരം ഉള്ളവരും മുഖസ്തുതി പാടുന്നവരും അഴിമതിക്കാരും സഭാനേതൃത്വത്തിലും ചുറ്റിലും നിൽക്കുന്ന കാലത്തോളം ഞങ്ങളുടെ നിലപാടിൽ മാറ്റമില്ല. അത് വ്യക്തിപരമല്ല ആശയപരം മാത്രം. ഭീഷണിപ്പെടുത്തിയ സഹോദരന്മാരോട് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. കാരണം ഞങ്ങൾ വിശ്വസിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാർഗ്ഗമാണ്.

# അപലപിച്ചു

**തിരുവല്ല:** പെന്തക്കോസ്തൽ പ്രസ് കൗൺസിൽ സെക്രട്ടറിയും ബിലീവേഴ്സ് ജേണൽ പത്രാധിപരുമായ പാസ്റ്റർ സാംകുട്ടി മാത്യുവിനെതിരെ ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡിലെ രണ്ട് അംഗങ്ങൾ വധഭീഷണി നടത്തിയത് പെന്തക്കോസ്ത് സമൂഹത്തിന് അപമാനമാണ്. മാധ്യമ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണിത്. ആശയപരമായ എതിർപ്പുകളെ കായികമായി നേരിടുവാനുള്ള ശ്രമം അപലപനീയവും പ്രതിഷേധാർഹവുമാണ്. കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി ചർച്ച് ഓഫ് ഗോഡ് നേതൃത്വം കൈക്കൊള്ളണമെന്നും പെന്തക്കോസ്തൽ പ്രസ് കൗൺസിൽ ആവശ്യപ്പെട്ടു. പാസ്റ്റർ രാജൂ ആനിക്കാട് പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. പാസ്റ്റർ ജെ. ജോസഫ്, അനിൽ കൊടിത്തോട്ടം, കെ. എൻ. റസ്സൽ, ജെയ്സ് പാണ്ടനാട്, ഷിബു കെ. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**BELIEVERS JOURNAL**
**(FORM IV SEE -RULE 8 )**

| | | |
|---|---|---|
| 1. Place of Publication | : | Thiruvalla |
| 2. Periodicity of Publication | : | Fortnightly |
| 3. Printers Name | : | Peter Mathew |
| Whether citizen of India | : | Indian |
| Address | : | valliathu house Kallumkal .P.O., Thiruvalla, Pathanamthitta, Kerala Pin - 689102 |
| 4. Publishers Name | : | Peter Mathew |
| Address | : | Valliathu house Kallumkal .P.O., Thiruvalla, Pathanamthitta, Kerala Pin - 689102 |
| 5. Editior's Name | : | Samkutty Mathew |
| Address | : | Koipurathu House, Makkapuzha .P.O., Ranni, Pathanamthitta, Kerala Pin 689 676 |

Name and Address of Individuals who owns the news paper : **Samkutty Mathew,** Koipurath House, Makkapuzha.P.O., Ranni,PTA - 689 676
**M.V. Philip,** Mekkattu House, Payippad P.O, Alappuzha- 690 556
**Peter Mathew**, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111
I, Peter mathew hereby declare that the particulars given above are true to the best of my knowledge and belief. Sd/

**Sd/-**
**Publisher**

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ഭാഗം: ഒന്ന്

- തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

വൈകാരിക അനുഭൂതിയിൽ അട്ടഹസിച്ചും ഉന്മാദാവസ്ഥയിൽ കരഞ്ഞും സുഗന്ധവർഗ്ഗങ്ങൾ കത്തിച്ചുമൊക്കെയായിരുന്നു ആരാധന. മെഗാബിസി എന്നു വിളിക്കപ്പെട്ടിരുന്ന ശിഖണ്ഡികളായിരുന്നു (ഹിജഡ) ക്ഷേത്രത്തിലെ ആരാധകരിൽ അധികവും ഇവിടെ ആളുകൾ കരുതുന്നത് പ്രവിശ്യയുടെ പരിപാലകയായിരുന്നു അർത്തമീസ് മഹാദേവി. ഇവിടെത്തെ (ക്ഷേത്രത്തിലെ) പ്രധാനവരുമാന മാർഗ്ഗം ക്ഷേത്രത്തിലെ ദേവദാസികൾ വ്യഭിചാരകർമ്മത്തിലൂടെ സമ്പാദിക്കുന്നു. അക്കാരണത്താൽ എഫെസൊസ് അസാന്മാർഗികതയുടെ കേളി രംഗമായിരുന്നു.

എഫേസ്യർ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വലിയ വിശ്വാസമുള്ളവരായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അന്ധവിശ്വാസങ്ങളുടെ കാര്യത്തിൽ വളരെ കുപ്രസിദ്ധി നേടിയിരുന്നു. ഏഫെസുകൾ, ഗൂഢലിഖിതങ്ങൾ വൻതോതിൽ ഈ ക്ഷേത്രത്തിൽ നിന്നും വിറ്റിരുന്നു. മംഗളയാത്രയ്ക്കും സന്താനഭാഗ്യത്തിനും രോഗശാന്തിക്കുമൊക്കെ ഈ മന്ത്രവചനങ്ങൾ ആളുകൾ വലിയ വില കൊടുത്തു വാങ്ങുമായിരുന്നു. സമ്മിശ്രജനത, കുറ്റവാളികളുടെ ആവാസം, ക്ഷേത്രത്തിലെ അസാന്മാർഗ്ഗികത എന്നിങ്ങനെയാൽ എഫെസൊസിന്റെ ധാർമ്മികത, സാർന്മാർഗ്ഗികനിലകളിൽ ഒരു വ്യത്തിഹീന നഗരമാക്കി മാറ്റി. അത്തരമൊരു സ്ഥലത്താണ് സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുവാനും വളരെ വിജയം പ്രാപിക്കുവാനും പൗലോസിനു കഴിഞ്ഞത്.

**എഫെസൊസിലെ പ്രവർത്തനത്തിനു തുടക്കം**

എഫെസൊസ് എന്നതിന് പൂർണ്ണനിർണ്ണയം എന്നാണ് അർത്ഥം. ആദ്യമായി സുവിശേഷവും ക്രിസ്തീയ വിശ്വാസവും എഫെസൊസിൽ എത്തിച്ചത് ഏകദേശം ഏ. ഡി. 52-ൽ അകിലാസ് - പ്രിസ്കില്ല ദമ്പതികളിലൂടെ ആയിരിക്കണം അപ്പൊ.പ്രവ. 18:18-22. രണ്ടാം മിഷണറിയാത്രയിൽ മൂന്നു സംവത്സരത്തോളം പൗലോസും കൂട്ടരും എഫെസൊസിൽ പാർത്തുസുവിശേഷം അറിയിച്ചു, അപ്പൊ. പ്രവ. 20:31. അങ്ങനെ എഫെസൊസിൽ സഭ സ്ഥാപിതമായി. എഫെസൊസിൽ വച്ച് യോഹന്നാൻ സ്നാപകന്റെ ചില ശിഷ്യന്മാരെ രക്ഷയിലേക്കു പൗലോസ് നയിച്ചു വിശ്വാസസ്നാനം നൽകി, അപ്പൊ.പ്രവ. 19:17. മൂന്നു മാസത്തോളം പൗലോസ് യഹൂദസിനഗോഗിൽ വചനം പ്രസംഗിച്ചു. എന്നാൽ ചിലർ പൗലോസിന്റെ സന്ദേശം തള്ളിക്കളഞ്ഞ്, പ്രവ. 19 :8-9, പിന്നീട് അവൻ തുറന്നോസിന്റെ പാഠശാലയിൽ രണ്ടുവർഷത്തോളം വചനം പഠിപ്പിച്ചു. ആസ്യയിൽ പാർക്കുന്ന യഹൂദന്മാരും യവനരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി, അപ്പൊ.പ്രവ. 19:9-10, പൗലോസിന്റെ കൈയാൽ അനേക അത്ഭുതങ്ങൾ നടന്നു അപ്പൊ. പ്രവ. 19: 11-12, സ്കേവായുടെ പുത്രന്മാരായ മന്ത്രവാദികളെ ദുരാത്മാവ് ആക്രമിച്ച് ഓടിച്ചത് എഫെസൊസിൽ യേശുവിന്റെ നാമം മഹിമപ്പെടുവാൻ കാരണമായി, ക്ഷുദ്രപ്രയോഗക്കാർ മാനസാന്തരപ്പെട്ടു, തങ്ങളുടെ പുസ്തകങ്ങൾ അവർ ചുട്ടുകളഞ്ഞു, അപ്പൊ. പ്രവ. 19:13-20, ദെമെത്രിയസിന്റെ ലഹളയെ തുടർന്നു പൗലോസ് മക്കദോന്യയ്ക്കുപോയി, അപ്പൊ. പ്രവ. 19:23, 20:1. പൗലോസ് മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചുകൂടുതൽ സമയം അതായത് നീണ്ട മൂന്നു വർഷക്കാലം എഫെസൊസിൽ പ്രവർത്തിച്ചു, അപ്പൊ. പ്രവ. 20:31. പിന്നീടൊരിക്കലും പൗലോസ് എഫെസൊസ് പട്ടണം സന്ദർശിച്ചതായി രേഖകളില്ല. എന്നാൽ മിലേത്തോസിൽ നിന്ന് അവൻ എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി, അപ്പൊ. പ്രവ. 20:17-38. പൗലോസിനുശേഷം തിമൊഥെയൊസാണ് എഫെസൊസിലെ സഭയുടെയും ശുശ്രൂഷയുടെയും നേതൃത്വം വഹിച്ചത്. അതിനുശേഷം അപ്പൊസ്തലനായ യോഹന്നാൻ എഫെസൊസ് സഭയുടെ നേതൃത്വം ഏറ്റെടുത്തു പ്രവർത്തിച്ചു. യേശുവിന്റെ അമ്മ മറിയയെ യോഹന്നാൻ എഫെസൊസിലേക്കു കൂട്ടിക്കൊണ്ടുവന്നുവെന്നും മറിയ അവിടെ വച്ച് മരിച്ചു അടക്കപ്പെട്ടുവെന്നും ഐതിഹ്യം പറയുന്നു. ചുരുക്കത്തിൽ എഫെസൊസ് പട്ടണത്തിൽ മറിയയുടെയും തിമൊഥെയൊസിന്റെയും യോഹന്നാന്റെയും ശവക്കുടീരം സ്ഥിതി ചെയ്യുന്നുയെന്നു ക്രൈസ്തവ ചരിത്രം പറയുന്നു. ആദിമ ക്രിസ്തീയസഭകളിൽ സമുന്നതമായ ഒരു സ്ഥാനം എഫെസൊസിസ് സഭയ്ക്കുണ്ടായിരുന്നു. ഇന്നു പുരാതനമായ ആ നഗരത്തിന്റെ സ്ഥാനത്ത് "ഐസാലുക്ക്" എന്ന പേരിൽ വ്യത്തിഹീനമായ ഒരു ഗ്രാമമായിരിക്കുകയാണ്, പഴയ പ്രൗഢിയുടെ തകർന്ന സ്മാരകങ്ങൾ ഇന്നും അവിടെകാണാം. കർഷകവൃത്തിയിൽ കഴിയുന്ന അവിടെത്തെ ജനങ്ങൾ ഇന്നു വലിയ ദുരിതത്തിലാണ് കഴിയുന്നത്. പുരാവസ്തു ഗവേഷകരുടെ നേതൃത്വത്തിൽ ഇവിടം ഇപ്പോൾ പുതുക്കി പണിതു വരികയാണ്. പ്രസിദ്ധ ലൈബ്രറികൾ, അഗോറതീയേറ്റു അരീന എന്ന മഹാസ്റ്റേഡിയത്തിന്റെ പ്രധാന വാതിലുകൾ, വിശുദ്ധയോഹന്നാന്റെ ശവകുടീരം പ്രധാനസ്ഥസങ്ങൾ എല്ലാ അറ്റകുറ്റപ്പണികൾതീർത്തു വരികയാണ് ദിവസേന ആയിരക്കണക്കിനു തീർത്ഥാടകർ ഈ സ്ഥലം സന്ദർശിക്കുന്നു.

തുടരും....

നോവൽ 3

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മാതേവന്റെ ആവേശം ആരാധനാ വേളയിൽ മാത്രമല്ല, സേവനത്തിലും ആൽബർട്ട് തിരിച്ചറിഞ്ഞ ദിവസങ്ങളായിരുന്നത്. ഉറക്കത്തിന് ഇടം കൊടുക്കാതെ രാവെന്നോ പകലെന്നോ ഇല്ലാതെ ആൽബർട്ടിനെ ഏകദേശം ഒരാഴ്ചയോളം അയാൾ ശുശ്രൂഷിച്ചു. മുണ്ടോട്ടിത്തറയിൽ ഉള്ള ആൽബർട്ടിന്റെ സ്നേഹിതൻ വഴി വോക്മാൻ ശരിയാക്കി കൊണ്ടു വന്നു കൊടുത്തു. കൂടെ കുറേ ബാറ്ററികളും. വസ്ത്രങ്ങൾ പോലും നനച്ച് തരുമ്പോൾ മാതേവനോടായി ആൽബർട്ടിന് ഒരാർദ്രത തോന്നി.

ഇന്നലെ ഡേവിഡ് വന്നിരുന്നു. ചെറുമൻ വാഴക്കുലകൾ വിൽക്കുവാൻ പോയ വഴിയ്ക്ക് അറിയിച്ചതാവണം. കുറേ നേരം വലങ്കരം പിടിച്ച് അരികിലായി ഡേവിഡ് മുട്ടു കുത്തിയിരുന്നു.

ചോദ്യമോ ഉത്തരമോ ഇല്ല.

മൗനത്തിന്റെ നീണ്ട നീർച്ചാലിലെപ്പോഴോ ഒരു വാക്ക്...മടുക്കരുത്.

തന്നിൽ മടുപ്പ് കത്തി ആളുന്നുവെന്ന് ഡേവിഡിന് തോന്നിക്കാണുമോ? മനസ്സ് തുറന്നു പറയണമെന്നുണ്ടായിരുന്നു; ഒരല്പം പോലും മടുപ്പില്ലെന്നും, നീലമുടിയിലുള്ള മിഷൻ താൻ കംപ്ലീറ്റ് ചെയ്യുമെന്നും. പണ്ട് പിന്മാറി വന്നതു പോലെ മരണം മുന്നിൽ വന്ന് ആടിത്തിമിർത്താൽ പോലും വരില്ലെന്നും.

പക്ഷേ ഡേവിഡ് പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ആൽബർട്ടിന് ശിരസ്സിൽ കനത്ത വേദന ഉണ്ടായിരുന്നു. കഴിഞ്ഞ രാത്രി വേദന കടിച്ചമർത്തി ഞരങ്ങി കൊണ്ടിരുന്നപ്പോൾ മാതേവൻ പ്രാർത്ഥിച്ചത്, കരഞ്ഞത് അയാൾ ഓർത്തു.

ഇപ്പോൾ മെല്ലെ ഉറക്കം വരുന്നു.

ഒന്നു കണ്ണടച്ചാൽ താൻ ഉറങ്ങി പോകുമെന്ന് ആൽബർട്ട് അറിഞ്ഞു.

ഡേവിഡിന്റെ പ്രാർത്ഥനാ സ്വരങ്ങൾ മെല്ലെ അലിയുന്നു.

ശൂന്യതയിലേക്ക് മനസ്സ് നടന്നു കയറുന്നു. ഭയമോ സ്വപ്നങ്ങളോ കടന്നുവരാത്ത ഉറക്കമായിരുന്നത്.

ഡേവിഡ് അരികിൽ ഉള്ളത് കനത്ത സംരക്ഷണമായി ഉപബോധമനസ്സിൽ പതിഞ്ഞു കാണണം.

അടക്കിപ്പിടിച്ച സംസാരങ്ങൾ കേട്ടാണ് ആൽബർട്ട് ഉണർന്നത്.

ശബ്ദങ്ങളെ തരംതിരിക്കാൻ പരിശ്രമിച്ച് എഴുന്നേറ്റിരിക്കാനായി തുനിഞ്ഞപ്പോൾ ശിരസ്സിൽ കനത്ത വിങ്ങലും വേദനയും.

അതാ ഒണർന്നു മാതേവന്റെ സ്വരം. ആൽബർട്ട് കണ്ണുകൾ മെല്ലെ തുറന്നു. ഡേവിഡും മാതേവനും നോക്കുന്നു. കുറേ നേരം കിടന്നുറങ്ങി പോയെന്ന് ആൽബർട്ടിന് തോന്നി.

ആൽബർട്ട്... ഡേവിഡ് അരികിൽ വന്നു വിളിച്ചു. അയാളെ നോക്കി ആൽബർട്ട് പുഞ്ചിരിക്കാൻ ശ്രമിച്ചു.

എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അറിയിക്കണം

ആൽബർട്ടിന്റെ വലതുകരം ചേർത്തെടുത്ത് കുറച്ചു കാശ് അതിൽ ഡേവിഡ് വെച്ചു കൊടുത്തു. നിരസിക്കാൻ കഴിയുന്നതിന് മുൻപ് അയാൾ ഒതുക്കിയ ചിരിയോടെ പിന്തിരിഞ്ഞ് നടന്നിരുന്നു.

ചിന്താഭാരത്തോടെ ആൽബർട്ട് കണ്ണുകളടച്ചു.

പണ്ടും ഇതേ അന്തർമുഖത്വം ഡേവിഡിലുണ്ടായിരുന്നു. വളരെ ചെറുപ്പത്തിലേ ഡേവിഡിന് ദൈവവിളി ഉണ്ടായിരുന്നു. എന്നാൽ യുവത്വം തിളച്ചു മറിയുന്ന ആ കാലഘട്ടത്തിൽ നിശാശാലകളിലും മറ്റുമായി എരിഞ്ഞു തീരുകയായിരുന്നവൻ. ക്രൈസ്തവസങ്കല്പങ്ങളെ അവഗണിച്ച് ഒരു ഹിന്ദു പെൺകുട്ടിയേയാണ് ഡേവിഡിന്റെ ജ്യേഷ്ടൻ വിവാഹം കഴിച്ചത്. പപ്പായും മമ്മിയും രണ്ട് ധ്രുവങ്ങളിലായപ്പോഴും ഏക പെങ്ങൾ ഇഷ്ടപ്പെട്ട ആളുടെ കൂടെ ഇറങ്ങി പോയപ്പോഴും ഡേവിഡ് ഒരു വ്യാകുലതയുമില്ലാതെ നിശാക്ലബുകളിൽ സംഗീതത്തിന്റെ മാന്ത്രികത വിരിയിക്കുകയായിരുന്നു.

പിന്നീട്, ചിന്നിച്ചിതറി പോയ കുടുംബത്തിൽ നിന്ന് ഒരു നാടോടിയായി അലഞ്ഞുതുടങ്ങിയ ഡേവിഡ് താനറിയാതെ മറ്റു ലഹരികൾക്കു കൂടെ അടിമയാകുകയായിരുന്നുവല്ലോ. തീവ്രമായ ജീവിത പഥങ്ങൾക്കിടയിൽ പപ്പാ അത്മഹത്യ ചെയ്തതും പിഴച്ചവളായി പെങ്ങൾ തിരിച്ചു വന്നതും മറ്റും ഡേവിഡിൽ മരവിപ്പു കലർത്തുക മാത്രമാണ് ചെയ്തത്. തുടർന്ന് ഏതോ മെന്റൽ ഹോസ്പിറ്റലിന്റെ ഇരുണ്ടമുറിയിൽ കാലങ്ങളെ വിവേചിക്കാനാവാതെ നിലവിളിയും അട്ടഹാസങ്ങളുമായി വർഷങ്ങൾ തന്നെ അയാൾ ചിലവഴിച്ചു. നിഴലിനോടും ഇരുളിനോടും പൊരുതുവാനറിയാതെ ഡോക്ടർമാരുടെ പരിഗണന അല്പം പോലും ലഭിക്കാതെ കിടന്ന ആ അനാഥന്റെ അരികിലേക്ക് ഏതോ എമിലിഡി സൂസ വന്നെത്തിയത് ദൈവനിയോഗം മാത്രമായിരുന്നുവെന്നേ ഇന്നും വിതുമ്പലൊതുക്കി ഡേവിഡ് സാക്ഷിക്കുന്നത്. രക്ഷയുടെ വെളിച്ചം പ്രകാശിച്ചതിനു ശേഷമാണ് ഡേവിഡ് ചിതറിപ്പോയ കുടുംബത്തെ തേടിപ്പിടിക്കുന്നത്. മമ്മിയും അനുജത്തിയും ഇന്ന് കൃപയാൽ ഒരു റെഡിമെയ്ഡ് ഷോപ്പ് നടത്തി കഴിയുന്നു. പഴയ പ്രതാപവും അന്ന് അഭിമുഖീകരിച്ച പ്രശ്നങ്ങളേയും ഓർത്ത് മമ്മി കരയാറുണ്ടത്രെ.

ജ്യേഷ്ടൻ ബോംബയിൽ എവിടെയോ ആണെന്ന ഒരറിവേ ഡേവിഡിന് ഉള്ളൂ. ആ ജ്യേഷ്ടനും ഭാര്യയും മടങ്ങി വരുവാൻ ആൽബർട്ടും പ്രാർത്ഥിക്കാറുണ്ടല്ലോ.

മാതേവൻ ആരോടോ സംസാരിക്കുന്നു. ആൽബർട്ട് കണ്ണു തുറന്നു. ചെറുതാമരയും മറ്റുമാണ്.

സ്തോത്തിരം തൈവകുട്ട്യേ...

ആൽബർട്ട് നന്ദിയോടെ ചിരിച്ചു.

ന്റെ ഏശോ നീയി കിടപ്പ് കാണ്ടില്ലന്നാണോ..? ചെറുതാമരയുടെ പരിഭവം ദൈവത്തിനോടായി ആരംഭിച്ചിരിക്കുന്നു.

എങ്കിലുമിത് ചെയ്തോന്റെ കാലേ ഒരു നീർക്കോലി പോലും .....ഏശുവേ നീ പകരം ചെയ്തില്ലേ പിന്നാരാ...?

എന്തൊക്കെയുണ്ട് ചെറുതാമരേ വിശേഷങ്ങൾ..? ആൽബർട്ട് ഇടയ്ക്കു കയറി.

നീലീം ജാനൂം എന്തുപറയുന്നു?

ചെറുതാമരയുടെ കൂടെ നിന്ന വരിൽ നാണം കലർന്ന ചിരി മിന്നുന്നു.

കോയിന്ദനെ കഴിഞ്ഞ കൂട്ടത്തിന് കണ്ടില്ലല്ലോ...?

നഗരത്തി പോയേക്കുവാ തൈവം കുട്ട്യേ...മുണ്ടോട്ടിത്തറേന്ന് ഏതോ ചരക്ക് കൊണ്ടുവരാനാണ്.

ദൈവം കുട്ടിക്കറിയോ, ആരാ ഇതു ചെയ്തേന്ന്..? നീലി ചോദിക്കുന്നു. അവളിലെ നാണം അതുപോലെ നിൽക്കുന്നു.

കണ്ടില്ല നീലീ, ഏതായാലും ചാകാതെ യേശുദൈവം കാത്തല്ലോ!

ആൽബർട്ട് പുഞ്ചിരിച്ചു.

പിന്നെ, ഞാൻ ഇല്ലാത്ത കാരണം പിള്ളാരൊക്കെ ഒഴപ്പായോ? അതോ പഠിക്കുന്നുണ്ടോ?

എവ്ടെ...! തൈവം കുട്ടീനെ മാത്രമല്ലേ അവറ്റയ്ക്കൊക്കെ പേടിയൊള്ളത്...

അപ്പോഴേക്കും ചെറുതാമര അതുവരെ മറച്ചു വെച്ച പൊതികൾ എടുത്ത് ആൽബർട്ട് കിടന്ന കമ്പ് കട്ടിലിന്റെ ഓരത്തായി വെച്ചു.

ആൽബർട്ടും അങ്ങനെ ആയിരുന്നല്ലോ. രോഗക്കിടക്കയിലായ വിശ്വാസിയെ കാണാൻ ചെല്ലുമ്പോൾ ചെയ്തിരുന്നത്. അവരുടെ മാനസീകവളർച്ചയിൽ സന്തോഷവാനായി ആൽബർട്ട് അവരെ നോക്കി.

മാതേവൻ കഞ്ഞിയും മുളകുടച്ചതുമായി വന്നു.

ആൽബർട്ട് സാവധാനം എഴുന്നേറ്റിരുന്നു.

മെല്ലെ മെല്ലെ കഞ്ഞി കുടിയ്ക്കുമ്പോൾ, താടിയെല്ലുകൾ ഇളകുമ്പോൾ ആൽബർട്ടിന് ശിരസ്സിനുള്ളിൽ വേദന് നുരയുന്നുണ്ടായിരുന്നു.

ചെറുതാമര ആ വേദന അറിഞ്ഞുകാണണം.

കണ്ടമാനം നോവുന്നുണ്ടല്ലോ... എനിക്കാ തല്ലിയവനെ പിരാകിവിടാൻ തോന്നുന്നു... കുമ്മാട്ടനായിരിക്കും

ദൈവം കുട്ടി ഇനി കുറേ ദിവസി സൂക്ഷിച്ചോണേ ജാനു പേടിയോടെ പറയുന്നു.

എഴുന്നേറ്റ് നടക്കാമെന്നായപ്പോൾ, രാവിലെ പതിവു പോലെ മുറിവിൽ പച്ചമരുന്ന് അരച്ചിട്ടിട്ട് ഏതോ ഔഷധച്ചെടിയുടെ തോൽ ചതച്ച് അതിനു മുകളിലായി കെട്ടുന്ന മാതേവനെ നോക്കി ആൽബർട്ട് ഇരുന്നു.

പാവം എന്ത് കഷ്ടപ്പെടുന്നു എത്ര ദിവസത്തെ ജോലി കളഞ്ഞാണ്...

അരികിലായി മുനയണ്ണൻ നിൽക്കുന്നു.

മുനയണ്ണന്റെ കൈയ്യിൽ, ഡേ

04

## ചോദ്യോത്തര വേദി

# മായം ചേർന്ന ഭക്ഷ്യവസ്തുക്കളും വിശ്വാസികളും



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** വിത്തു മുളയ്ക്കാൻ ഹോർമോൺ പ്രയോഗം, ചെടി വളരാൻ മരുന്ന്, പൂവിടാൻ മരുന്ന്, പൂവ് കൊഴിയാതിരിക്കാൻ മരുന്ന്, കായ് പിടിക്കാൻ മരുന്ന്, കായ് വളരാൻ മരുന്ന്, കായ്കൾ പഴുപ്പിക്കാൻ മരുന്ന്. ഉപ്പ്, കറിവേപ്പില, പച്ചക്കറികൾ, പഴങ്ങൾ, പാൽ, മത്സ്യം, മാംസം എല്ലാം മായം ചേർന്നാണ് മാർക്കറ്റിൽ ലഭ്യമാകുന്നത്. ഇവ ഭക്ഷിക്കുന്നതു കൊണ്ടാണ് ചെറുപ്പക്കാർ വരെ അനാരോഗ്യരും രോഗികളും ആയിത്തീരുന്നതെന്ന് ആരോഗ്യ ശാസ്ത്രജ്ഞർ പറയുന്നു. ഈയൊരു സാമൂഹ്യ അന്തരീക്ഷത്തിൽ വിശ്വാസികളെന്തു ചെയ്യണമെന്നാണ് **വചനം പറയുന്നത്?**

– പീറ്റർ, തിരുവല്ല

**ഉത്തരം:** സമ്പന്നരായ യൂറോപ്പ്യൻ യൂണിയനിലെയും അമേരിക്കൻ ഐക്യനാടുകളിലെയും ജനങ്ങൾ വിഷാംശം **ചേരാത്ത** ഭക്ഷണ പദാർത്ഥങ്ങളാണ് ഉപയോഗിക്കുന്നത്. വളരെ കർക്കശമായ നിയമങ്ങളാണ് അവിടെ ഭക്ഷ്യവിഷയത്തിൽ ഉള്ളത്. എന്നിട്ടും ജനങ്ങൾ മിക്കവരും അമിതഭാരമുള്ളവരും രോഗാവസ്ഥ ഉള്ളവരുമാണ്.

രാസവളങ്ങളോ, രാസകീടനാശിനികളോ ഇല്ലാതിരുന്ന കാലത്ത്, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, **ഒരു കൃപാവരത്തിലും കുറവില്ലാതിരുന്ന കൊരിന്തിലെ ക്രിസ്തീയ വിശ്വാസികൾ** (1 കൊരി.1:17) പലരും രോഗികളായി സമയത്തിനു മുമ്പെ മരിച്ചിരുന്നു (1 കൊരി. 11:31). അതിനു കാരണം കർത്താവിനോടുള്ള ഭക്തിക്കുറവായിരുന്നു, ഭയക്കുറവായിരുന്നു, ബഹുമാനക്കുറവായിരുന്നു, പാപബോധക്കുറവായിരുന്നു, പാപം ചെയ്ത് ജീവിക്കുന്നതുകൊണ്ടായിരുന്നു. നമ്മുടെ ജനാധിപത്യവ്യവസ്ഥിതിയിൽ മായം ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾക്കെതിരെ പ്രതികരിക്കണമെന്ന് അധികാരികൾ കൂടെ കൂടെ പത്രമാദ്ധ്യമങ്ങളിലൂടെ അറിയിക്കാറുണ്ട്. അതിൽ സഹകരിക്കുക. പ്രതികരിക്കുന്നവരെ കത്തിലൂടെയും നേരിട്ടും പ്രോത്സാഹിപ്പിക്കുക. ഭക്ഷ്യവസ്തുക്കളിലെ മായം കളയുന്ന മാർഗ്ഗങ്ങൾ അവലംബിക്കുക. മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നവരെ കണ്ടെത്തുകയും അവരെ ബഹുമാനിക്കുകയും ചെയ്യുക.

ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിന് മുമ്പ് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുക. വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: **'കമ്പോളത്തിൽ വിൽക്കുന്നതെന്തും മനസാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ ഭക്ഷിക്കുവിൻ. ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതല്ലോ' (1കൊരി 10:25,26).** പ്രാർത്ഥനയാലും സ്തോത്രത്താലും എല്ലാം ശുദ്ധീകരിക്കപ്പെടും. കൂടാതെ കർത്താവ് ഇപ്രകാരം വാഗ്ദാനം തന്നിട്ടുണ്ട്: 'വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ സംഭവിക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതിയ ഭാഷകളിൽ സംസാരിക്കും; ......**മരണകരമായ എന്തു കൂടിച്ചാലും അവർക്ക് ഹാനി വരുകയില്ല...."** (മർക്കോസ് 16:17,18).

**അടിക്കുറിപ്പ്:** അസുഖം വന്നാൽ മരുന്നൊന്നും ഉപയോഗിക്കാതെ ഉപവാസത്താലും പ്രാർത്ഥനയാലും ജീവിതം ക്രമീകരിച്ച് രോഗാവസ്ഥ മാറ്റുന്ന വിശ്വാസികളുടെ സാധാരണ ദിവസങ്ങളിലെ ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന ഏതാണ്ടി പ്രകാരമാണ്: 'കർത്താവേ അടിയങ്ങൾ അസുഖം വന്നാൽ മരുന്നൊന്നും ഉപയോഗിക്കില്ലെന്ന് അവിടുത്തേക്ക് അറിയാമല്ലോ. മുമ്പിൽ വച്ചിരിക്കുന്ന ഈ ഭക്ഷണ പദാർത്ഥങ്ങൾ ശുദ്ധീകരിച്ച് മരുന്നാക്കി മാറ്റേണമെ. അനാരോഗ്യം ഉണ്ടാക്കുന്നതോ മരണകരമായ എന്തെങ്കിലും ഈ ഭക്ഷണത്തിൽ ഉണ്ടെങ്കിൽ കർത്താവിന്റെ വചനപ്രകാരം കർത്താവിന്റെ മഹത്വമേറിയ നാമത്തിൽ അവ മാറിപ്പോകുവാൻ പ്രാർത്ഥിക്കുന്നു.

## 08 ജേണൽ ഫോക്കസ്....

കേണ്ടത് ശുദ്ധമനസ്സാക്ഷിയും പരിശുദ്ധാത്മാവിന്റെ നിറവും ഉള്ള ദൈവദാസന്മാരാലാണ്. വിവേചനവും പകയും ക്രൂരതയും പ്രതികാരവും ഒക്കെ നിലനിൽക്കുന്നതും അവ സൃഷ്ടിക്കുന്ന ദുരാത്മാവിനാൽ മലിനപ്പെട്ട മനസ്സുള്ളവരാലും സഭാ കെട്ടുപണി സാധ്യമല്ല. വിവേചനം, സ്വജനപക്ഷപാതം, മത്സരം, പകപോക്കൽ, ദൂഷണം പറച്ചിൽ, ഏഷണിപറച്ചിൽ, വൈരാഗ്യബുദ്ധി ഇത്യാദി ജഢീകവും സ്വാർത്ഥവുമായ മനോഭാവങ്ങൾ വച്ചുപുലർത്തുന്നവർക്ക് അനുരജ്ഞനത്തിന്റെ പ്രതീകമായ പുതിയനിയമസഭപണിയുന്നതിൽ വിജയം വരിക്കാൻ സാധ്യമല്ല.

പെന്തെക്കോസ്തു വിഭാഗങ്ങളിലെ നേതാക്കന്മാർ കാട്ടുന്ന മെയ് വഴക്കത്തോടെയുള്ള അഭ്യാസവും തൊഴുത്തിൽ കുത്തും കാണുമ്പോൾ ക്രിസ്തുവിന്റെ സഭ പണിയുവാൻ ദൈവം ഇവരെ വിളിച്ചു വേർതിരിച്ചുവോ എന്നു സംശയിച്ചുപോകുന്നു. അത്രയ്ക്കു മലിന മനസ്സുകളുടെ ഉടമകളായി, എതിർക്രിസ്തുവിന്റെ സ്ഥാനാപതികളായി ഇവർ വിരാജിക്കുകയാണ്. പ്രസ്ഥാനങ്ങളുടെ നേതാക്കളായി ഇവർ തെരഞ്ഞെടുക്കപ്പെട്ടു കഴിയുമ്പോൾ മുതൽ രക്തദാഹികളായി ഇവർ പരണമിക്കുന്നു. ആ കാരണത്താൽ പ്രസ്ഥാനങ്ങൾക്കുണ്ടാകുന്ന ഏതു സങ്കടാവസ്ഥകളും നിർദ്ദോഷരക്തച്ചൊരിച്ചിലിനു സമമായി നിലനിൽക്കുകയാണ്. അതുകൊണ്ട് ദൈവസഭയ്ക്കു ദോഷം ചെയ്യുന്നവർ പ്രത്യക്ഷമായും പരോക്ഷമായും നിർദ്ദോഷരക്തം ചിന്തിയ ദാവീദു രാജാവിന്റെ അതേ കളത്തിലാണ് നിലക്കൊള്ളുന്നത്. നിർദ്ദോഷരക്തം ചിന്തിയ ദാവീദ് രാജാവിന്റെ ആഗ്രഹങ്ങൾക്കുനേരെയുള്ള ദൈവത്തിന്റെ അരുളപ്പാട് സമകാലികദേഹ നിർമ്മാതാക്കൾക്കുള്ള തുറന്ന പുസ്തകമാണ്.

ദരിദ്രരെ അവഹേളിക്കുവാനും സാമ്പത്തിക ഭദ്രതയില്ലാത്ത ദൈവദാസന്മാരെ കണ്ണീരു കുടിപ്പിക്കുവാനും ഇവർ വിരുതു കാണിക്കും. മാടമ്പിത്തരവും ചട്ടമ്പിത്തരവും ഇവർ മുഖമുദ്രകളാക്കും. സത്യം വിളിച്ചു പറയുന്നവർക്കിട്ടു പണി കൊടുക്കും. ഹേ! ദൈവദാസാ നിരപ്പിന്റെ വഴി ലോകത്തിനു തെളിയിച്ചു കൊടുക്കേണ്ട നീ അനൈകൃത്തിന്റെയും അനീതിയുടെയും വിദ്വേഷത്തിന്റെയും ആൾരൂപമായി മാറിയാൽ തീർച്ചയായും നിങ്ങൾ നേതൃസ്ഥാനത്ത് ഒരു പരാജയമായിരിക്കും. മനം തിരിയുക എന്നു മാത്രമേ ഞങ്ങൾക്ക് പറയുവാനുള്ളൂ.

## 01 അസംബ്ലീസ് ഓഫ് ഗോഡ് ഭാരവാഹികൾ...

വർത്തനമാരംഭിച്ച അദ്ദേഹം മധ്യമേഖലാ ഡയറക്ടർ, മലയാളം ഡിസ്ട്രിക്ട് അസി.സൂപ്രണ്ട് എന്നീ നിലകളിലും ദീർഘവർഷങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. 1994 ൽ അസംബ്ലീസ് ഗോഡ് ഓഫ് ഇന്ത്യ രൂപീകരിച്ച സമയം മുതൽ ഇന്നുവരെയും ദേശീയ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരികയാണ്. കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിൽ ജനിച്ച അദ്ദേഹം കരവാളൂരിൽ താമസിക്കുന്നു.

പാസ്റ്റർ പി.എസ്. ഫിലിപ്പ് അസിസ്റ്റന്റ് സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്നു ദശാബ്ദത്തിലധികമായി സഭാ നേതൃരംഗത്തുള്ള അദ്ദേഹം അസിസ്റ്റന്റ് സൂപ്രണ്ട്, സൂപ്രണ്ട്, എസ്.ഐ.എ.ജി. ജനറൽ സെക്രട്ടറി, അസി.സൂപ്രണ്ട് എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പൽ എന്ന നിലയിൽ ദീർഘവർഷങ്ങൾ നേതൃത്വം നൽകി സ്ഥാപനത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഒരു ടേമിന് ശേഷമുള്ള തിരിച്ചുവരവുകൂടിയാണ് പാസ്റ്റർ പി.എസ്. ഫിലിപ്പ്. പത്തനംതിട്ട ജില്ലയിൽ തോന്ന്യാമലയിൽ ജനിച്ച അദ്ദേഹം പുനലൂരിൽ താമസിക്കുന്നു. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് ഫിലിപ്പ് പുനലൂർ ടൗൺ ചർച്ച് പാസ്റ്ററായി പ്രവർത്തിക്കുന്നു. ചങ്ങനാശ്ശേരി സെക്ഷൻ പ്രസ്ബിറ്റർ എന്ന നിലയിൽ നേതൃരംഗത്ത് പ്രവർത്തനമാരംഭിച്ച് ഉത്തരമേഖലാ ഡയറക്ടർ, സഭാ ഡിസ്ട്രിക്ട് കൗൺസിൽ അംഗം എന്നീ നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഒരു ടേം പുറത്തുനിന്നശേഷം കൂടുതൽ മികവോടുകൂടി അദ്ദേഹം ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. ഇടുക്കി പുറ്റടി സ്വദേശിയാണ് പാസ്റ്റർ തോമസ് ഫിലിപ്പ്. പാസ്റ്റർ യാഹ്ദത്ത് മണി വീണ്ടും ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടു. ദീർഘവർഷങ്ങൾ അതേസ്ഥാനത്ത് തുടരുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശിയായ അദ്ദേഹം ഇപ്പോൾ പ്ലാമൂട് എ.ജി.സഭയുടെ ശുശ്രൂഷകനാണ്. കമ്മറ്റിയംഗമായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോസ് തോമസാണ് ഏക പുതുമുഖവും പ്രായം കുറഞ്ഞ അംഗവും. സെക്ഷൻ പ്രസ്ബിറ്റർ, മേഖലാ ഡയറക്ടർ തുടങ്ങിയ ചുമതലകൾ നിർവഹിച്ചിട്ടുള്ള പാസ്റ്റർ ജോസ് തോമസ്, കട്ടപ്പന എ.ജി. സഭ ശുശ്രൂഷകനാണ്. പൊടിയാട്ടുവിളയാണ് ജന്മദേശം.

## 01 ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്...

തിനെക്കാൾ ദൈവത്തിൽ ആശ്രയിക്കണമെന്നും സഭാ പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ ഫെബ്രുവരി 13-16 വരെ നടന്ന ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു.

പാസ്റ്റർമാരായ എബി ഏബ്രഹാം, ബി. വർഗ്ഗീസ്. തോമസ് മാമ്മൻ, ഡോ. ജെയ്സൻ തോമസ്, രാജു ബഥേൽ, സി.ഡി.ഷാജി, വി. സി. യോഹന്നാൻ സഹോദരിമാരായ സിന്ധു ഗിരിജൻ, മോളി രാജു എന്നിവർ പ്രസംഗിച്ചു. കൺവൻഷന്റെ വിവിധ സെക്ഷനുകളിലായി പാസ്റ്റേഴ്സ് കോൺഫ്രൻസ്, വിമൻസ് ഫെലോഷിപ്പ് വാർഷിക സമ്മേളനം, സണ്ടേസ്കൂൾ & ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പ് വാർഷിക സമ്മേളനം എന്നീ മീറ്റിംഗുകൾ നടന്നു. ഫെബ്രുവരി 16 ഞായർ രാവിലെ വിശുദ്ധ കർത്ത്യമേശയോടുകൂടി കൺവൻഷൻ സമാപിച്ചു. സീയോൻ സിംഗേഴ്സ് ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## 03 നോവൽ.....

വിഡ് കൊണ്ടുവന്ന ബീറ്റഡിൻ ഓയിന്മെന്റിന്റെ ട്യൂബ് ഇരിയ്ക്കുന്നു. മുനയണ്ണൻ ഏറെ നിർബ്ബന്ധിച്ചതാണ് മുണ്ടോട്ടിത്തറയിലുള്ള ക്ളിനിക്കിൽ എങ്കിലും പോകാൻ.

എന്നാൽ ആൽബർട്ട് മാതേവൻ നൽകുന്ന പച്ചമരുന്നിൽ വിശ്വസിച്ചു; യേശുവിന്റെ കരുണയിലും.

അൽപം കഴിഞ്ഞപ്പോൾ ആൽബർട്ട് പുറത്തേക്കിറങ്ങി.

മാതേവൻ വിലക്കിയപ്പോൾ ഒരു പുഞ്ചിരിയാണ് പകരം നൽകിയത്.

മാതേവന്റെ കണ്ണുകളിലെ ഭീതി ആൽബർട്ട് അറിഞ്ഞിരുന്നു.

ചരിവിറങ്ങി, അരുവി ഒഴുകുന്നയിടത്തേക്ക് മറഞ്ഞ ആൽബർട്ടിനെ നോക്കി കൊണ്ട് മാതേവൻ പ്രാർത്ഥിച്ചു.

കാത്തോണേ...ഏശുവേ

(തുടരും)

## 11 പറഞ്ഞുവിടുന്ന വാക്കും......

ആകയാൽ ഏതൊരു കാര്യവും ശുഭമായിരിക്കേണ്ടതിന് ക്രിസ്തുവിന്റെ മുമ്പാകെ താണിരുന്നു പ്രാർത്ഥിക്കുക, പ്രവർത്തിക്കുക. നമ്മുടെ വായിലെ വാക്കുകൾ പുറത്തേക്കുവിടാൻ ബദ്ധപ്പെടരുത്. പിന്നീടത് തിരിച്ചെടുക്കുവാൻ സാധിക്കുകയില്ല. തൻനിമിത്തം നാം ദുഃഖിച്ചിട്ടും കാര്യമില്ല. ആകയാൽ പറഞ്ഞുവിടുന്ന വാക്കും എറിഞ്ഞുവിടുന്നകല്ലും തിരിച്ചുവരമോ?

## 05 ഗ്രൂപ്പ് മാനേജർമാരുടെ....

യെ പിളർത്തുന്നവരും പിൻവാതിലിലൂടെ തങ്ങളുടെ ഇഷ്ടദേവനെ പ്രതിഷ്ഠിക്കുന്ന നേതാക്കന്മാരുമാണ് പ്രശ്നങ്ങൾക്കു കാരണം. പ്രശ്നമുണ്ടായാൽ സങ്കീർണ്ണമാകാതെ വേഗം ഇടപെടണം. ശുശ്രൂഷകന്മാരെക്കാൾ നേതൃത്വത്തിൽ പിടിയുള്ള വിശ്വാസികളുടെ തിട്ടൂരത്തിനുമുന്നിൽ പാവം പാസ്റ്റർമാർ പകച്ചു നിൽക്കുകയാണ്. ഇതിനെല്ലാം ഒരു മാറ്റം ഉണ്ടാകണം. ഇതിനായി ശാസ്ത്രീയ മാനദണ്ഡമുണ്ടാകണം. എല്ലാവർക്കും സഭ, എല്ലാവർക്കും അവസരം, എല്ലവർക്കും തുല്യനീതി ഇതാകണം മാനദണ്ഡം.

## ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് സംസ്ഥാന വനിതാ ക്യാമ്പ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ പുത്രികാസംഘടനയായ ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പിന്റെ സംസ്ഥാന വനിത ക്യാമ്പ് 2014 ഏപ്രിൽ 7, 8, 9 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

ഗാനപരിശീലനം, സന്ദേശം, കൗൺസിലിംഗ്, ബൈബിൾക്ലാസ്, ചർച്ച, സാക്ഷ്യം, മത്സരങ്ങൾ എന്നീ പ്രോഗ്രാമുകൾ ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ നടക്കും. അഭിക്ഷിക്തരായ കർത്തൃദാസിദാസന്മാർ ക്ലാസുകൾ നയിക്കും. "അതിമഹത്തായ ദൈവകൃപ" 2കൊരി.9: 14 എന്നതാണ് ചിന്താവിഷയം ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനശൂശ്രൂഷ നിർവ്വഹിക്കും. സഹോദരിമാരായ ലതാജോൺസൺ (സെക്രട്ടറി), ഷേർളി ജോർജ്ജ് (ജോ. സെക്രട്ടറി) എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

## 01 സംവരണത്തിന് മതം മാന ....

വും മറ്റാനുകൂല്യങ്ങളും ലഭിക്കുമ്പോൾ ക്രൈസ്തവ/ മുസ്ലീം വിഭാഗത്തിൽ ഉള്ള ദലിതർക്ക് ഇവരുടെ വിശ്വാസത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്നു.

രംഗനാഥ മിശ്ര കമ്മീഷൻ പട്ടികജാതി സംവരണം മതത്തിന്റെ പേരിലായിരിക്കരുത് എന്ന് ശുപാർശ ചെയ്തത് കൗൺസിൽ അംഗങ്ങൾ യു. എൻ പ്രതിനിധിയോട് അറിയിച്ചു. പട്ടികജാതി സംവരണം പൂർണമായും മതത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ നിഷ്പക്ഷമായ വ്യവസ്ഥയിലായിരിക്കണം തീരുമാനിക്കേണ്ടത് എന്നും അംഗങ്ങൾ ആവശ്യപ്പെട്ടു. ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവാകാശ സംഘങ്ങൾ ഇന്ത്യയിലെ ദലിത് ക്രൈസ്തവരുടേയും മുസ്ലീങ്ങളുടെയും പ്രശ്നങ്ങൾ വിവിധ ചർച്ചാവേദികളിൽ ഉന്നയിക്കും എന്ന് ഇന്ത്യ സന്ദർശിച്ച യു. എൻ പ്രതിനിധി ദേശീയ സഭാ കൗൺസിലിന് വാക്ക് കൊടുത്തു.

# ഗ്രൂപ്പ് മാനേജർമാരുടെ വീതം വയ്പ്പിൽ മെറിറ്റ് നിഷേധിക്കപ്പെടുന്നു



ജെയ്സ് പാണ്ടനാട്
9847340246

സ്ഥലംമാറ്റം എല്ലാ പ്രാവശ്യവും ഒരു കീറാമുട്ടിയാണ്. ഇത് നേതൃത്വത്തിന് വലിയ തലവേദന സൃഷ്ടിച്ചിരിക്കുകയാണ്. ഇതുകാരണം സഭാ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല. മുൻകാലങ്ങളിൽ ഇത്ര വിവാദങ്ങളില്ലായിരുന്നു. എന്നാൽ പിൽക്കാലത്ത് അനാത്മീകരും രാഷ്ട്രീയക്കാരും നേതൃത്വത്തിലും സഭയിലും കടന്നുകൂടിയതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. സ്ഥലംമാറ്റത്തെക്കുറിച്ച് ബൈബിളിൽ യാതൊരു തെളിവും കാണുന്നില്ല. ഒരു പ്രദേശിക സഭയുടെ മൂപ്പൻ സ്വതന്ത്രമായ ശുശ്രൂഷാ അധികാരവും ഭരണാധികാരവുമുള്ള വ്യക്തിയാണ്. ഒരു ശുശ്രൂഷകൻ സഭയിൽ നീണ്ട കാലം തുടരുന്നതാണ് നല്ലത്.

സ്ഥലംമാറ്റം ഇന്നു വിവാദമാകാൻ ഒട്ടനവധി കാരണങ്ങളുണ്ട്. സ്ഥലം മാറ്റത്തിനുപിന്നിലെ സാമ്പത്തിക താല്പര്യങ്ങളാണ് പ്രധാനം. പലരും വലിയ വരുമാനമുള്ള സഭകൾ നോക്കിയുള്ള നെട്ടോട്ടമാണ്. എം.സി. റോഡിന്റെയും നാഷണൽ ഹൈവേയുടെയും വക്കത്തുള്ള സഭകൾമാത്രം ചിലർക്കു മതി. എറണാകുളത്തിനും കൊട്ടാരക്കരക്കും ഇടയിൽമാത്രം ഇരിക്കാനാണ് പലർക്കും താല്പര്യം. 20,000-നുമുകളിൽ വരുമാനമുള്ള സഭകൾക്കാണ് ഡിമാന്റ്. ശുശ്രൂഷയുടെ മഹത്വം തിരിച്ചറിയാതെ പണംനോട്ടമിട്ടുള്ള ദ്രവ്യാഗ്രഹികളുടെ ഇത്തരം പരക്കംപാച്ചിൽ ആപത്താണ്. ആഖാനും ഗേഹസിയും യൂദയും അനന്യാസും എല്ലാം ഇവർക്കു പാഠമാണ്. ശുശ്രൂഷകന്മാരുടെ ഏകീകൃത ശമ്പള വ്യവസ്ഥ നടപ്പാക്കിയാൽ ഇത്തരം ദ്രവ്യാഗ്രഹികളുടെ ആക്രാന്തം അവസാനിക്കും. വരുമാനമനുസരിച്ച് സഭകളെ ഗ്രേഡ് തിരിക്കുക; എന്നിട്ട് ശമ്പളസ്കെയിൽ നിശ്ചയിക്കുക. ഇതിന്റെ അടസ്ഥാനത്തിൽ സീനിയോറിറ്റിയും കഴിവുമുള്ള ശുശ്രൂഷകന്മാരെ വിന്യസിക്കുക. സമ്പത്താണ് പ്രശ്നമെങ്കിൽ സമ്പത്തിന്റെ ജനാധിപത്യവൽക്കരണമാണ് പ്രശ്നപരിഹാരം.

നേതൃത്വത്തിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയുമാണ് മറ്റൊരു പ്രശ്നം. വലിയ സഭകളിലേക്ക് തങ്ങളുടെ പാർശ്വവർത്തികളെ തിരുകികയറ്റാൻ ശ്രമിക്കുന്നു. ശുശ്രൂഷയും കഴിവുമുള്ളവരെ തഴയുന്നു. ഇഷ്ടമില്ലാത്തവരെ കശാപ്പു ചെയ്യുന്നു. തങ്ങൾക്ക് വോട്ടുചെയ്യാത്തവരെ നാടുകടത്തുന്നു. നല്ല സഭകൾക്കുവേണ്ടി കൈക്കൂലി വാങ്ങുന്ന നേതാക്കന്മാരെക്കുറിച്ച് ഇടനാഴികളിൽ വർത്തമാനമുണ്ട്. നേതൃത്വത്തിന്റെ ഇടപെടൽ ക്രിയാത്മകമായിരിക്കണം. സെൻസിറ്റീവ് ആയ സഭകളെ ഗൗരവത്തിലെടുക്കണം. അവിടെ പരിണത പ്രജ്ഞരായ ശുശ്രൂഷകന്മാരെ ആക്കണം. പ്രശ്നമുണ്ടായാൽ സത്വര നടപടികൾ സ്വീകരിക്കണം. ഒത്തുതീർപ്പു ഫോർമുലയും പാക്കേജും കണ്ടെത്തണം. ക്രൈസിസ് മാനേജ്മെന്റ് ഇല്ലാത്തതാണ് ഇന്നത്തെ പ്രശ്നം. അടിപിടിയും പോലീസ് കേസുമൊക്കെ ആയ ശേഷം കമ്മീഷനെ അയയ്ക്കുന്നത് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പാളിച്ചയാണ്.

ചില പാസ്റ്റർക്കുവേണ്ടി നേതൃത്വം പക്ഷപാതപരമായ നിലപാടെടുക്കുന്നത് അധാർമ്മികമാണ്. വലിയ വരുമാനമുള്ള സഭകൾക്കുവേണ്ടി നേതാക്കന്മാർതന്നെ വീതംവയ്പ്പും കടിപിടിയും നടത്തുന്നത് ലജ്ജാകരമാണ്. ഒരു പാസ്റ്ററെ സഭയിൽവച്ചശേഷം സഭാവിശ്വാസികളെ വിളിച്ച് അദ്ദേഹത്തെ സംബന്ധിച്ച് മോശം പ്രസ്താവന നടത്തുക, ഒരു വസ്തുതകളുമില്ലാതെ 'പാസ്റ്ററെ ആർക്കും വേണ്ട' എന്ന പ്രചാരണം സംഘടിപ്പിക്കുക, വിശ്വാസികളെ സ്വാധീനിച്ച് പാസ്റ്റർമാരെ ഒറ്റപ്പെടുത്തുക ഇതൊക്കെ നേതൃത്വത്തിന് ഗുണകരമല്ല.

സ്ഥലംമാറ്റത്തിലെ രാഷ്ട്രീയമാനങ്ങൾ വളരെയാണ്. ഇലക്ഷൻ സമയത്തു നൽകുന്ന വാഗ്ദാനങ്ങളാണ് മറ്റൊരു പ്രശ്നം. ഇതു നടക്കാതെ വരുമ്പോൾ ഏറ്റുമുട്ടലുണ്ടാകുന്നു. വോട്ടു നഷ്ടപ്പെടാതിരിക്കാൻ എല്ലാവർക്കും ഒരേപ്പോലെ വാഗ്ദാനങ്ങൾ നൽകുന്നു. അതുകൊണ്ടാണ് ഒരു സഭയിലേക്ക് മൂന്നുപേർക്ക് അപ്പോയ്ന്റ്മെന്റ് ഓർഡർ നൽകുന്നത്. നേതാക്കന്മാർ തങ്ങളുടെ ഫ്രാക്ഷനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. വോട്ടു ബാങ്ക് സൃഷ്ടിക്കാൻവേണ്ടി നേതാക്കന്മാർ നടത്തുന്ന ഇത്തരം ഹീന ശ്രമങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ പുശ്ചിച്ചുതള്ളുണം.

മലബാർ, ഹൈറേഞ്ച് മേഖലകളിൽ പ്രവർത്തിക്കുന്ന ചെറിയ ശതമാനം ശുശ്രൂഷകന്മാരെ മദ്ധ്യകേരളത്തിലേക്ക് കൊണ്ടുവരണം. ഗ്രൂപ്പുമാനേജർമാർ തങ്ങളുടെ 'ഫാൻസുകൾ'ക്ക് വീതംവച്ചു കഴിയുമ്പോൾ 'മെറിറ്റ്' നിഷേധിക്കപ്പെടുകയാണ്. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ മെറിറ്റ് ചർച്ചചെയ്യപ്പെടാറില്ല. ശുശ്രൂഷകന്മാരുടെ പ്രതിഛായ, കഴിവ്, അക്കാദമിക് പശ്ചാത്തലം, ശുശ്രൂഷക പ്രാവീണ്യം ഇതൊന്നും പരിഗണിക്കാറില്ല. വിറകുവെട്ടുന്നവരും വെള്ളം കോരുന്നവരും പെട്ടിയെടുക്കുന്നവരും കച്ചവടം ഉറപ്പിക്കുന്നു. നേതാക്കന്മാർക്ക് അനഭിമതരായാൽ കാലാ പെറുക്കാൻപോലും അവസരം കിട്ടാറില്ല. റിട്ടയർ ചെയ്യുന്നയാൾക്ക് നല്ല സഭ നൽകി ആദരിക്കണം. മരിച്ചുപോയ ശുശ്രൂഷകന്മാരുടെ മക്കൾക്ക് അക്കോമഡേഷൻ നൽകണം. നേതാക്കന്മാർ തങ്ങളുടെ കുടുംബാംഗങ്ങൾക്കുവേണ്ടി ലോബിയിംഗ് നടത്തുക. വിശ്വാസികളെ സ്വാധീനിച്ച് ഒപ്പുശേഖരണം നടത്തുക തുടങ്ങിയ പ്രവണതകൾ ഗുണകരമല്ല. തങ്ങൾക്ക് ഇഷ്ടമില്ലാത്ത പാസ്റ്റർമാരെ സ്വന്തം സെന്ററിൽ കയറ്റാത്ത സെന്റർ പാസ്റ്റർമാരുടെ ധാർഷ്ട്യം ശരിയല്ല.

ഒരു പ്രാദേശിക സഭയുടെ സാമൂഹിക-സാമുദായിക പശ്ചാത്തലം, വിശ്വാസികളുടെ നിലവാരം, സഭയുടെ വളർച്ച എന്നീ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടാവണം ശുശ്രൂഷകന്മാരെ വിന്യസിക്കാൻ. റൂറൽ ചർച്ചുകളിലേക്കും അർബൻ ചർച്ചുകളിലേക്കും പ്രത്യേകം പരിശീലനം പ്രാപിച്ചവരെ മാത്രമേ അയയ്ക്കാവൂ. കാലത്തിന്റെ മാറ്റങ്ങൾ നാം ഉൾക്കൊള്ളണം. ആഗോളീകരണം, നഗരവൽക്കരണം, മതബഹുലത, സമ്മിശ്ര സംസ്ക്കാരം, വിവര സാങ്കേതിക വിദ്യ, ഉത്തരാധുനികത, നവമാദ്ധ്യമ മുന്നേറ്റം ന്യൂ ജനറേഷൻ തരംഗങ്ങൾ എന്നീ ഘടകങ്ങൾ നാം തിരിച്ചറിയണം. പുതിയ ലോകക്രമത്തിലെ പ്രവണതകൾ നാം അംഗീകരിക്കണം. ഇതിനായി പാസ്റ്റർമാർക്ക് കാലോചിതമായ തുടർമാന വിദ്യാഭ്യാസ പരിപാടികൾ ആവശ്യമാണ്.

സ്ഥലംമാറ്റ സമയത്ത് ശുശ്രൂഷകന്മാരുടെ പ്രവർത്തന റിപ്പോർട്ട് നേതൃത്വം ചർച്ച ചെയ്യാറില്ല. മുൻ വർഷങ്ങളിലെ പെർഫോമൻസ് വിലയിരുത്തി മാത്രമെ നല്ല സഭകൾ നൽകാവൂ. ഇതിനായി സ്ഥലംമാറ്റത്തിന് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അതോടൊപ്പം വർക്ക്റിപ്പോർട്ടും സമർപ്പിക്കാനാവശ്യപ്പെടണം. എല്ലാ ശുശ്രൂഷകന്മാരുടെയും സർവ്വീസ് ഫയൽ നേതൃത്വത്തിന്റെ പക്കൽ ഉണ്ടാകണം. ഇവരുടെ പ്രോഗ്രസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽമാത്രമെ പ്രൊമോഷൻ അടക്കമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാവൂ. പാസ്റ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ. സംഘാടനം, പ്രസംഗം, വ്യാഖ്യാനം, പരിപാലനം, ഭരണം എന്നീ വിഷയങ്ങളിൽ ഫലപ്രദമായ പരിശീലനം വേണം. ചർച്ച് മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, കമ്മ്യൂണിക്കേഷൻ, ലീഡർഷിപ്പ്, കൗൺസിലിംഗ്, മീഡിയ മിനിസ്ട്രി, മിഷൻ സ്ട്രാറ്റജി, പാസ്റ്ററൽ കെയർ എന്നീ വിഷയങ്ങളിൽ വിദഗ്ദ പഠനം നൽകണം. ഹ്യൂമൻ റിസോഴ്സ് ശരിയായി പ്രയോജനപ്പെടുത്തണം. സ്കിൽ ഡവലപ്പ്മെന്റ് അത്യാവശ്യമാണ്. ഇതിനായി ഗവേഷണ കേന്ദ്രങ്ങളും ഓറിയന്റേഷൻ സെന്ററുകളും ആരംഭിക്കണം.

സ്ഥലംമാറ്റ വിഷയം കൈകാര്യം ചെയ്യാൻ പക്വതയും പരിചയവുള്ള വിദഗ്ദമായ സ്ക്രീനിംഗ് കമ്മിറ്റി സമിതി ആവശ്യമാണ്. യാതൊരു തത്വദീക്ഷയുമില്ലാതെ നിസ്സാരമായി കാര്യങ്ങൾ കാണുന്നതു കൊണ്ടാണ് പ്രശ്നങ്ങൾ ഗുരുതരമാകുന്നത്. സ്ഥലംമാറ്റത്തിന്റെ ആദ്യലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷം പരാതികൾ സ്വീകരിക്കാൻ അവസരം നൽകണം. പരാതികൾ കേട്ടശേഷം അവസാന ലിസ്റ്റ് തയ്യാറാക്കണം. സ്ഥലംമാറ്റ കാര്യത്തിൽ ഐ.പി.സി.യിൽ സെന്റർ പാസ്റ്റർമാർക്ക് നിർണ്ണായക സ്വാധീനമാണുള്ളത്. ആയതിനാൽ പ്രശ്നങ്ങൾ താരതമ്യേന ഇവിടെ കുറവാണ്. എ.ജിയിൽ പ്രിസ്ബിറ്ററിയാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. ചർച്ച് ഓഫ് ഗോഡിൽ സ്റ്റേറ്റ് കൗൺസിലാണ് അവസാന വാക്ക്. ചർച്ച് ഓഫ് ഗോഡിൽ നിലനിൽക്കുന്ന കേന്ദ്രീകൃത സ്വഭാവമാണ് സ്ഥലംമാറ്റത്തിൽ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നത്. ഡി.പി.മാർക്ക് പ്രാഥമിക ചുമതല ഏൽപ്പിച്ചാൽ തലവേദന പകുതി കുറയും. ഡി.പി. മാർ തമ്മിലുള്ള ആശയ വിനിമയത്തിലൂടെ ലോക്കൽ തലങ്ങളിലെ പ്രശ്നങ്ങൾ കുറെയൊക്കെ പരിഹരിക്കപ്പെടും. സ്ഥലംമാറ്റ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ ഇഷ്ടാനിഷ്ടങ്ങളാണ് പ്രശ്നങ്ങളെ ഗുരുതരമാക്കുന്നത്. സീനിയോരിറ്റി മറികടന്നുള്ള പ്രമോഷൻ അനുവദിക്കരുത്. പൊസിഷനില്ലാത്തവർക്ക് ശുശ്രൂഷയില്ല എന്ന രീതി മാറണം. അമേരിക്കയിലുള്ള അമ്മാച്ചനും ഗൾഫിലുള്ള അളിയനും നാട്ടിലെ സഭയിൽ പാസ്റ്ററെ തീരുമാനിക്കുന്നത് ലജ്ജാകരമാണ്.

ഒരു സ്ഥലംമാറ്റ സീസൺ കഴിയുമ്പോൾ അനവധി സഭകളാണ് തകരുന്നത്. സഭകളുടെ പിളർപ്പ് നേതൃത്വം ഗൗരവത്തോടെ കാണണം. വിശ്വാസികളുടെ കൊഴിഞ്ഞുപോക്ക്, പിളർപ്പ്, അടിപിടിയും പോലീസ് കേസുമെല്ലാം ആ പ്രദേശത്തെ സഭാ പ്രവർത്തനത്തെ ബാധിക്കും. ദൈവനാമം ദുഷിക്കുന്നു. സഭാവളർച്ച മുരടിക്കുന്നു. പുതിയ വശ്വാസികൾ അങ്കലാപ്പിലാകുന്നു. ഇക്കാര്യത്തിൽ എല്ലാവർക്കും ഒരു വീണ്ടുവിചാരമാവശ്യമാണ്. സ്ഥലംമാറ്റത്തിന് കർശന നിയമം വേണം.

ഓർഡർ ലഭിച്ചാൽ പാസ്റ്റർമാർ അതനുസരിക്കാൻ തയ്യാറകാത്തതാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. വലിയ സഭകൾ കിട്ടാതെ ഞാൻ പോകില്ല എന്നു വാശിപിടിക്കുന്ന ശുശ്രൂഷകന്മാരും സഭയിൽ ഗ്രൂപ്പുണ്ടാക്കി സഭ

04


## കല്ലുകടി

### സ്റ്റേറ്റ് ബോർഡുകാർ ബോർഡും ഒടിച്ച് പടിയിറങ്ങി

ചർച്ച് ഓഫ് ഗോഡിൽ ഭരണഘടനാനുസൃതം ഉള്ള ഭരണസമിതിയാണ് സ്റ്റേറ്റ് കൗൺസിൽ. ശുശ്രൂഷകന്മാരുടെ ജനറൽ ബോഡിയാണ് ഇവരെ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ തെരഞ്ഞെടുക്കുന്നത്. വിശ്വാസികൾക്ക് പ്രാതിനിധ്യമില്ലാത്തതിനാൽ അവരുടെ കണ്ണിൽ പൊടിയിടുവാൻ ഉള്ള തട്ടിക്കൂട്ട് സംവിധാനമാണ് സ്റ്റേറ്റ് ബോർഡ്. നിയമപരമായി അധികാരങ്ങളൊന്നുമില്ലാത്ത സമിതി. ഇക്കുറി സ്റ്റേറ്റ് ബോർഡിലുള്ള സഹോദരന്മാർ പലരും പാവങ്ങളാണ്. ഒന്നുരണ്ടുപേർ ഭയങ്കര സഭാ സ്നേഹികളും. രാജാവിനേക്കാൾ വലിയ രാജഭക്തിയുള്ളവർ. അതുകൊണ്ടുതന്നെ ഓവർസിയർക്കെതിരെ വരുന്ന പത്ര വാർത്തകൾ കണ്ട് ഇവർക്ക് ഹാലിളകി. പത്രക്കാരുടെ കഴുത്ത് വെട്ടുകയും കാലുവെട്ടുകയും ചെയ്യുവാൻ ഇവർ ചാവേറായി ഇറങ്ങാൻ തീരുമാനിച്ചു. ഇവർ ജേണലിന്റെ പത്രാധിപരെ വിളിച്ച് ഭീഷണിപ്പെടുത്തി. റാന്നിയിൽ വന്ന് കാലുംകൈയും വെട്ടും ഇനി ഞങ്ങളുടെ നേതാവിനെതിരെ എഴുതിയാൽ തല കാണില്ല, ഞങ്ങളെക്കുറിച്ച് അറിയണമെങ്കിൽ ഞങ്ങളുടെ നാട്ടിൽ വന്ന് അന്വേഷിക്കണം. ഞങ്ങൾ പറഞ്ഞതുപോലെ പ്രവർത്തിക്കുന്നവരാണ്. ഇനിയൊരക്ഷരം എഴുതിയാൽ വിവരം അറിയും. ഇങ്ങനെപോയി ഭീഷണികൾ. തങ്ങൾ രണ്ടരലക്ഷം വരുന്ന ചർച്ച് ഓഫ് ഗോഡ് വിശ്വാസികളുടെ പ്രതിനിധികളാണ് എന്നത്രേ അവർ ഫോണിലൂടെ അവകാശപ്പെട്ടത്. ഇതിന്റെ ദശാംശം എങ്കിലും അംഗസംഖ്യ ഉണ്ടായിരുന്നെങ്കില്ലെന്ന് ആശിച്ചുപോകുന്നു. മാത്രമല്ല അവരുടെ സ്വന്തദേശത്ത് അവർക്കുള്ള സാക്ഷ്യത്തെക്കുറിച്ച് അവരുടെതന്നെ അവകാശവാദം കോൾമയിർക്കൊള്ളിച്ചു. കരാട്ടെ, കളരി, നാടൻ അടിതട ഇതൊക്കെ ആയിരിക്കും ഭാവിയിൽ സ്റ്റേറ്റ് ബോർഡ് അംഗങ്ങളുടെ യോഗ്യതയാക്കി ചർച്ച് ഓഫ് ഗോഡ് മാറ്റാൻ പോകുന്നത് എന്ന് പ്രതീക്ഷിക്കാം.

**അടിക്കുറിപ്പ്:** ഭീഷണിയുടെ പിറ്റേന്ന് രാവിലെ പാസ്റ്റർമാരുടെ കൗൺസിലിൽ കയറി ഘെരാവോ നടത്തി ഉച്ചകഴിഞ്ഞ് ബോർഡിൽ നാടൻ ഭാഷ പരസ്പരം ഉപയോഗിച്ച് വൈകിട്ട് സ്വന്തം ഓഫീസിലെ ബോർഡുകളും ഒടിച്ച് ഇനി മുളക്കുഴയ്ക്കില്ലായെന്ന് ശപഥവും ചെയ്ത് ബോർഡുകാർ പടിയിറങ്ങി. നേതാവ് കൈവിട്ട ദുഃഖവും പേറി അവർ യാത്രയായി എങ്ങോട്ടെന്നറിയാതെ.

## ഇറ്റാലിയൻ ഭാഷാ പഠനം






ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

35

### LESSON 35
### Settimana Santa (Holy Week)

Domenica Delle Palme - ഓശാന ഞായർ

Giovedi santo - പെസഹാ

Venerdi Santo - ഗുഡ് ഫ്രൈഡേ

Sabato Santo - ദുഃഖശനി

Buona Pasqua - ഹാപ്പി ഈസ്റ്റർ


THE INDIA PENTECOSTAL CHURCH OF GOD
UK & Ireland Region
Reg.Charity:-1131252
7TH ANNUAL CONFERENCE 2014
DERBY
INAUGURATION
Pr. Jacob George
(Region President)
0121 377 7642
Date:
May 30th, 31st
and June 1st 2014
Venue:
Derby Moor Sports Collage
Moorway Lane,
Littleover, Derby,
DE 23 2 FS
United Kingdom
GUEST Speakers
Rev. T. Valson Abraham
Pr. Philip P. Thomas
Music
Pr. Babu Zachariah
Vice President
Pr. C.T. Abraham
Secretary
01332906979
Pr. Babu John Vettamala
Promotional Secr.
Br. K.T. Thomas
Treasurer
Br.Sam Mathew
Joint Secretary
Br.John Mathew
Publicity Conv.
Regin Choir lead by
Pr. Thomson Sam
(India)
LIVE on Thoolika tv
www.thoolika.tv
IN ASSOCIATION WITH
GM
Gospel Med

# ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റം: പത്രാധിപസമിതി





**ബി**ലീവേഴ്സ് ജേണൽ പത്രാധിപർക്കെതിരെ നടന്ന വധഭീഷണിയിൽ പത്രാധിപസമിതി പ്രതിഷേധിച്ചു. രാജ്യത്ത് ഭരണഘടനാപരമായി അനുവദിക്കപ്പെട്ടിട്ടുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനുമെതിരെയുള്ള കടന്നുകയറ്റമാണ് ഈ സംഭവം എന്ന് ചെയർമാൻ രാജൻ ആര്യപ്പള്ളിൽ, വൈസ് ചെയർമാൻ വിൽസൺ ജോർജ്ജ് എന്നിവർ അഭിപ്രായപ്പെട്ടു. ആശയസമരത്തിനെതിരെ ആയുധം ഉപയോഗിക്കുന്ന ഇത്തരം താലിബാൻ മോഡൽ വച്ചുപൊറുപ്പിക്കാൻ ആവില്ല. വിയോജിപ്പ് രേഖപ്പെടുത്തുന്നവരെ ഉന്മൂലനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ഇവരെ ബാധിച്ചിരിക്കുന്നത് ഗലീലിയോയെയും ബ്രൂണോയെയും കൊലപ്പെടുത്തിയ മാർപ്പാപ്പമാരുടെ ഭൂതമാണ്. സ്ത്രീലംബഡനായ ദിവാന്റെ പുറം അടിച്ച് പൊളിക്കണമെന്ന് ലേഖനം എഴുതിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാട്ടിൽ ഇത്തരം ഭീഷണികൾ വിലപോകില്ല. ഗുണ്ടായിസം കൊണ്ട് പത്രക്കാരുടെ വായ് മൂടിക്കെട്ടാൻ കച്ച കെട്ടി ഇറങ്ങിയവർ വിഡ്ഢികളുടെ ലോകത്താണ്. ആത്മീയ ലോകത്ത് പടർന്നുകയറിയിരിക്കുന്ന ജീർണ്ണതകൾക്കെതിരെ ഇനിയും മഷി വറ്റാത്ത തൂലിക തീ തുപ്പും. ആ തീയിൽ മാലിന്യത്തിന്റെ ചപ്പുചവറുകൾ കത്തിയമരും. ക്വട്ടേഷൻ സംഘങ്ങളോടും ഗുണ്ടകളോടും ഒരു വാക്ക്. അക്ഷരങ്ങൾക്ക് മരണമില്ല; എഴുത്തുകാർക്കും. ജേണലിന്റെ താത്വിക നിലപാടിൽ മാറ്റവുമില്ല.

# ഡോ.കോര സംസാരിക്കുന്നു



1. പാസ്റ്റർ പി. എസ്. ഫിലിപ്പ് ഏ. ജി. അസി. സൂപ്രണ്ട് **– വാർത്ത**

*ഒന്നാം നിരയിൽ നിന്നും രണ്ടാം നിരയിലേക്ക് മാറിയിരുന്നതുകൊണ്ട് ആകാശം ഇടിഞ്ഞുവീഴില്ല. ഫിലിപ്പുസാറിന് കോരയുടെ അഭിനന്ദനങ്ങൾ.*

2. ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡുകാർ അവരുടെ ഓഫീസിന്റെ ബോർഡ് ഒടിച്ചുകളഞ്ഞ് പടിയിറങ്ങിയത് കോര അറിഞ്ഞില്ലേ? **– മോൻസി, മുളക്കുഴ**

*അവൻ കുന്തം മുറിച്ച് രഥങ്ങളെ തീയിലിട്ടു ചുട്ടുകളയുന്നുവെന്ന് ബൈബിളിൽ വായിച്ചിട്ടുണ്ട്. എന്നാൽ സ്വന്തം ഓഫീസിന്റെ ബോർഡ് ഒടിച്ചുകളയുന്നവരെക്കുറിച്ച് ആദ്യമായിട്ടാണ് കോര കേൾക്കുന്നത്.*

3. സായിപ്പിന്റെ സഭയിലെ ബോർഡുകാർ നേതാവിനെതിരെ തിരിഞ്ഞത് കോര അറിഞ്ഞോ? **– കോരുത്, പത്തനംതിട്ട**

*പാമ്പിന് പാലൂട്ടിയാൽ തിരിഞ്ഞുകൊത്തുമെന്ന സാമാന്യതത്വം പാവം നേതാവ് മനസ്സിലാക്കാൻ വൈകിപ്പോയി.*

4. ഐ. പി. സി. സോദരീ സമാജത്തിന്റെ രക്ഷാധികാരിയാകാൻ ഒരു ശുശ്രൂഷകൻ വളഞ്ഞവഴിയിലൂടെ ശ്രമിച്ചത് പരക്കെ പ്രതിഷേധത്തിന് കാരണമായത് കോര അറിഞ്ഞില്ലേ. **– സുബിൻ, കുമ്പനാട്**

*പണ്ടേ ഇദ്ദേഹം കൃഷി വിദഗ്ദനാണ്. പക്ഷെ സോദരീസമാജത്തിലെ കൃഷി ദയനീയമായി പരാജയപ്പെട്ടു.*

5. ലോക്സഭാ ഇലക്ഷൻ പ്രഖ്യാപിച്ചു. ഏതുകാലം **– ക്ലീറ്റസ്, പുനലൂർ**

*യു. ഡി. എഫിനും എൽ. ഡി. എഫിനും ഒരുപോലെ പിന്തുണ പ്രഖ്യാപിച്ച് സ്ഥാനാർത്ഥികളെ മോഹിപ്പിക്കുന്ന പെന്തക്കോസ്ത് നേതാക്കന്മാരുടെയും ഉപദേശിമാരുടെയും നല്ല കാലം.*

6. സ്വന്തം സഭയിൽ ഏലിപുരോഹിതന്റെ മക്കളുടെ സ്വഭാവം കാണിച്ച് സഭ മുടിപ്പിച്ചിട്ട് വിശുദ്ധിയുടെ മൂടുപടം അണിഞ്ഞ് സഭ സംരക്ഷിക്കാൻ ഗുണ്ടായിസവുമായി ഇറങ്ങിയിരിക്കുന്ന ഒരുത്തനെ ഈയിടെയായി തിരുവല്ല ഭാഗത്തും മുളക്കുഴയിലും കാണുന്നുണ്ടല്ലോ? **– ജേക്കബ്, വാളകം**

*കോരയുടെ കൈയിൽ ഈ മാന്യന്റെ ചരിത്രം ഭദ്രമായി ഇരിപ്പുണ്ട്. നാറുന്ന കഥകളായതുകൊണ്ടാണ് എഴുതാതിരിക്കുന്നത്. ഇവൻ കരയിലും കുളത്തിലും കാണുന്നത് കോര മാവിൽ നേരത്തെ കണ്ടതാണ്.*

7. ഗൈനക്കോളജിസ്റ്റ് പ്രവാചകനെതിരെ നടപടി ഉണ്ടാകുമോ കോരേ? **– ജോൺസൺ, പത്തനംതിട്ട**

*തനിക്കെതിരെ പരാതിയില്ലായെന്ന പ്രവാചകന്റെ പരാതി തീർക്കാൻ സഭക്കാർ പരാതി കേന്ദ്രത്തിൽ കൊടുത്തിട്ടുണ്ട്. നടപടിയും ഉടൻ ഉണ്ടാകും എന്നു പ്രതീക്ഷിക്കാം.*


EXCEL VBS 2014
വെക്കേഷൻ
സ്റ്റുഡന്റ്സ് കാർണിവൽ – 2014
ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ
കുമ്പനാട് വെസ്റ്റ് സെന്റർ ഒരുക്കുന്നു
സ്ഥലം:
ഇരവിപേരൂർ ചർച്ച് ഓഫ് ഗോഡ് ഹാൾ
(സെന്റ്. ജോൺസ് സ്കൂളിന് സമീപം)
2014 ഏപ്രിൽ 7 മുതൽ 12 വരെ
(8.30 am- 12.30 pm)
Theme: സ്റ്റാർസ് (മത്തായി 2:10)
5 വയസ്സുമുതൽ 19 വയസ്സ് വരെയുള്ളവർക്ക് പങ്കെടുക്കാം
ഉദ്ഘാടനം

പാസ്റ്റർ തോമസ് എം. പുളിവേലിൽ
അടിപൊളി പാട്ടുകൾ...
കഥകൾ....മാജിക്....
പപ്പറ്റ്ഷോ....
അവധിക്കാലം
അടിച്ചുപൊളിക്കാൻ
കൂട്ടുകാരേ...ഓടി..ഓടി വാ...
പ്രത്യേക പരിപാടികൾ
- പരിശീലനം ലഭിച്ച അദ്ധ്യാപകർ
- രസകരവുമായ സിലബസ്സ്
- മാജിക് ഷോ
- പപ്പറ്റ് ഷോ
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക കൗൺസിലിംഗ് സെഷനുകൾ
- കരിയർ ഗൈഡൻസ്
- ആകർഷകമായ സമ്മാനങ്ങൾ
- സ്നേഹവിരുന്ന്
- സമാപന റാലി
പ്രസിഡന്റ് പാ. തോമസ് എം. പുളിവേലിൽ 9947735064 /കൺവീനർ പാ. ജെ. ശമുവേൽകുട്ടി 9947803224

ജേണൽ ഫോക്കസ്

# ദാവീദിന്റെ നിശ്ചലകൃപകൾ

## പുതിയനിയമ സഭാ നിർമ്മാണത്തിലെ അപചയങ്ങൾ



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

ദേവാലയം പണിയുന്നതിൽ നിന്നും ദാവീദിനെ ദൈവം വിലക്കിയതിന്റെ കാരണം എന്താണ്? ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനും യിസ്രായേലിലെ മധുരഗായകനും യെരുശലേമിനെ രാജ്യതലസ്ഥാനവും ആരാധനാ കേന്ദ്രവും ആക്കിയവനായിരുന്നില്ലേ ദാവീദ്? എന്നിട്ടും എന്തുകൊണ്ടാണ് ദൈവസാന്നിധ്യം ഇറങ്ങി അധിവസിക്കുന്ന ദേവാലയ നിർമ്മാണത്തിൽ നിന്നും ദാവീദ് രാജാവ് തിരസ്കരിക്കപ്പെട്ടു?

യുദ്ധങ്ങൾ ചെയ്തു അസംഖ്യം നിരപരാധികളുടെ രക്തം ചിന്തിയതു നിമിത്തം തന്റെ കൈകൾ അനീതിയുടെ രക്തക്കറ പുരണ്ടിരുന്നു. അതോടൊപ്പം തന്നെ മറ്റുചില കഠിനപാപങ്ങളും തന്റെ ആത്മീയ ജീവിതത്തിൽ രക്തഛവി പുരട്ടിയിരുന്നു. ദാവീദ് ചെയ്തു കൂട്ടിയ അമ്മാതിരി കാര്യങ്ങളിലേക്കാണ് ജേണൽ ഈ ലക്കം ഫോക്കസ് ചെയ്യുന്നത്. അപ്പോൾ, സമകാലികമായി, പുതിയനിയമസഭയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിലയേറിയ കർത്തൃദാസന്മാരും അവരുടെസ്തുതി പാടകരും ആത്മീകമായി എവിടെ നിലക്കൊള്ളുന്നു എന്നു മനസ്സിലാക്കുകയുള്ളൂ. അപ്പോൾ മാത്രമേ ദൈവസഭയുടെ പേരിൽ ഇവർ കാട്ടികൂട്ടുന്ന വേലത്തരങ്ങൾ സാധാരണ വിശ്വാസികൾക്കു തിരിച്ചറിയാൻ സാധിക്കയുള്ളൂ.

ദൈവത്തിന്റെ സഭയുടെ ഗൃഹവിചാരകന്മാർ എന്ന പരിവേഷത്തിൽ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കളങ്കിതരായ പലരും ദൈവസഭയുടെ ശാപമാണ്. (അങ്ങനെയുള്ളവർ സംവിധാനം ചെയ്യുന്ന അടിയൊഴുക്കുകളും, അഴിമതിയുടെയും അനീതിയുടെയും കരിപുരണ്ട കരമുള്ള രാഷ്ട്രീയ നേതാക്കളുമായുള്ള വേദി പങ്കിടലുകളും, കുതികാൽവെട്ടലും, വിഭാഗീയതയും, മേലാളൻ -കീഴാളൻ കാഴ്ചപ്പാടുകളും മൂടുപടം നീക്കി പുറത്തുവരേണ്ടതാണ്). അതെങ്ങനെ അറിയാം? പറയാം. ദാവീദ് ആ കാലത്തെ വിഖ്യാതനായ രാജാവായിരുന്നു. എന്നിട്ടും താൻ അയോഗ്യനാകുന്നുവെന്ന് ദൈവം അരുളപ്പാടു നൽകുകയാണ്. പക്ഷേ ഒരു കാര്യം എടുത്തുപറയേണ്ടതുണ്ട്; ദൈവത്തിന്റെ അരുളപ്പാട് ദാവീദ് ഇടംവലം നോക്കാതെ അനുസരിക്കുവാൻ തയ്യാറായി ഈ കാര്യത്തിൽ ദാവീദിന്റെ ഇച്ഛാശക്തി സമകാലിക ഗൃഹവിചാരകന്മാർക്ക് അനുകരണീയ യോഗ്യമാണ്. അതുകൊണ്ടുതന്നെ മനംതിരിയുവാനുള്ള ചരിത്ര സന്ദേശമാണ് ദാവീദ് നമ്മെ ഓർപ്പിക്കുന്നത്.

നമുക്ക് വിശദീകരണത്തിലേക്ക് കടക്കാം. കീർത്തിയും ശോഭയും അതിമഹത്വമുള്ള ഒരു ദേവാലയം പണിയുവാൻ ദാവീദ് ആഗ്രഹിച്ചിരുന്നു. പക്ഷേ "നീ എന്റെ മുമ്പാകെ ഭൂമിയിൽ ബഹുരക്തം ചിന്തിയിരിക്കുന്നു" എന്ന അപ്രിയ അരുളപ്പാടാണ് ദൈവത്തിൽ നിന്നും ദാവീദിനു ലഭിച്ചത്. (1 ദിന.22:8). നീ എന്റെ നാമത്തിനു ഒരു ആലയം പണിയരുത് എന്ന് ദൈവം ദാവീദിനു മുന്നറിയിപ്പു നൽകി. എന്താണ് ഈ കടുത്ത പരാമർശത്തിന്റെ ഹേതു? എന്തുകൊണ്ട് ദൈവം ദാവീദിനോട് ഇപ്രകാരം അരുളിചെയ്തു? സമ്പത്തും കഴിവും ജനപിന്തുണയും ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് ദൈവം ദാവീദിനെ ഈ മഹത് ശുശ്രൂഷയിൽനിന്നും തള്ളിക്കളഞ്ഞു?

നമുക്ക് പരിശോധിക്കാം; ഒന്ന്: രാജ്യം വിസ്തൃമാക്കാൻ ദാവീദ് ചെയ്ത യുദ്ധങ്ങൾ വലിയ രക്തച്ചൊരിച്ചിലുകൾക്കു കാരണമായി. താൻ അയൽ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ഒക്കെ അസംഖ്യം സ്ത്രീകളും പൈതങ്ങളും ഉൾപ്പെടെയുള്ള സാധാരണജനങ്ങൾ ഘോരസംഹാരത്തിനു ഇരയായി (2 ശമുവേലിന്റെ പുസ്തകത്തിൽ ദാവീദിന്റെ യുദ്ധങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്).

രണ്ട്: സൈന്യമേധാവിയായിരുന്ന ഊരിയാവിന്റെ ഭാര്യ ബേത്ശേബയെ സ്വന്തം ഭാര്യയാക്കിയ സംഭവം ഒരിക്കലും ന്യായീകരിക്കാത്തവിധമുള്ള അപരാധമാണ് (2 ശമു.11, 12 അദ്ധ്യായങ്ങൾ കാണുക). തന്റെ അവിഹിത വേഴ്ചയുടെ പാപം മറെയ്ക്കുവാൻ വഞ്ചനയിലൂടെയും ചതിപ്രയോഗത്തിലൂടെയും ഊരിയാവിനെ കൊലപ്പെടുത്തി ബെത്ശേബയെ ദാവീദ് സ്വന്തമാക്കുകയായിരുന്നു. ഈ അനീതിയിൽ ദാവീദ് ദൈവത്തിന്റെ അപ്രീതി സമ്പാദിച്ചിരുന്നു. അതുകൊണ്ട് ദൈവക്രോധം തന്നെ നിരന്തരം പിന്തുടർന്നുപോന്നു.

മൂന്ന്: കലാപകാരികളെ അമർച്ചചെയ്യാൻ ദാവീദ് തിരഞ്ഞെടുത്ത കൊലപാതക രാഷ്ട്രീയമാണ് മറ്റൊരുകാരണം. മകൻ അബ്ശാലേം സംഘടിപ്പിച്ച കലാപവും ബെന്യാമീൻ ഗോത്രനേതാവായ ശേബ സംഘടിപ്പിച്ച കലാപവും ദാവീദ് അടിച്ചമർത്തി. അപ്പോഴും അനവധിയാളുകൾ കൊല്ലപ്പെട്ടു. രക്തച്ചൊരിച്ചിൽ ഉണ്ടായി എന്നല്ലാതെ കലാപം സൃഷ്ടിച്ചവർ ഉന്നയിച്ച ഒരു കാര്യവും പരിഹരിക്കപ്പെട്ടതുമില്ല.

നാല്: തന്റെ ഭരണകാലത്തു പ്രതികാരം ചെയ്യാൻ സാധിക്കാതിരുന്ന വ്യക്തികൾക്കെതിരെ അത് മകനായ ശലോമോനെക്കൊണ്ടു നിറവേറ്റുവാൻ താൻ ആലോചന കൊടുത്തു. ദാവീദിന്റെ ആലോചനപ്രകാരം ശാലേമോൻ യോവാബിനെയും ശിമെയിയേയും കൊല്ലുന്നു (അബ്ശാലോമിന്റെ കലാപത്തിൽ ദാവീദ് പാലായനം ചെയ്യുമ്പോൾ ശിമെയി ദാവീദിന്റെ കൈയിൽ അകപ്പെടുകയും അവനെ ഉപദ്രവിക്കാതെ ദാവീദ് വിട്ടയച്ചതും, ശൗൽ രാജാവ് ദാവീദിന്റെ മഹാമനസ്തയായി പ്രകീർത്തിക്കപ്പെട്ടുന്നുണ്ടെങ്കിലും അവ തന്റെ ഭരണതന്ത്രങ്ങളായിരുന്നില്ലേ എന്നു ഫോക്കസ് നിരീക്ഷിക്കുന്നു).

ഇപ്രകാരം അക്കമിട്ടു നിരത്തിയിട്ടുള്ള ദാവീദു സംഭവങ്ങൾ ചേർത്തുവായിക്കുമ്പോൾ അവന്റെ കരങ്ങൾ രക്തം പുരണ്ടവയും ദേവാലയം പണിയുവാൻ അയോഗ്യവുമായിരുന്നെന്ന് നിസ്സംശയം പറയാം. ഈ സത്യം ദൈവം തന്നോട് അരുളിച്ചെയ്യുകയും താൻ അത് അനുസരിക്കുകയും ചെയ്തു. സമകാലികമായി ചിന്തിച്ചാൽ, ഇന്നു ദേവാലയ നിർമ്മാതാക്കൾ എന്ന പരിവേഷത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോടും അവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളുടെ ഘടനയും സംവിധാനങ്ങളും സൂക്ഷ്മനിരീഷണം നടത്തിയാൽ അപചയം എന്തൊക്കെയാണെന്ന് മനസ്സിലാകും. ദൈവത്തിന്റെ വാസസ്ഥലം ഭൗതീക വസ്തുക്കൾ കൊണ്ടുണ്ടാക്കിയ കെട്ടിടങ്ങളല്ല, പ്രത്യുത; ലോകത്തിൽ ആകമാനം വ്യാപിച്ചു കിടക്കുന്ന ശിഷ്യഗണങ്ങളുടെ കൂട്ടായ്മയായ സഭയാണ് എന്നു തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നു. അത് യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം മുഖാന്തിരം അനുരഞ്ജനത്തിന്റെ ഫലമായി ഉളവായതാണ്. ഈ നിർമ്മാണപ്രക്രിയയിൽ പങ്കാളികളാ

04

# പെന്തക്കോസ്ത് വിദ്യാർത്ഥിക്ക് മെഡിക്കൽ യൂണിവേഴ്സിറ്റി ഓഫ് പ്ലീവന്റെ ഉന്നത ബഹുമതി



**ദോഹ:** തിരുവല്ല മേപ്രാൽ പനച്ചയിൽ സാബു പോത്തന്റെയും ഡെയ്സി സാബുവിന്റെ മകളും, മേപ്രാൽ ഐ. പി. സി. ഹെബ്രോൻ സഭാവിശ്വാസിയുമായ ഡിയാ മേരി സാബുവിന് മെഡിക്കൽ യൂണിവേഴ്സിറ്റി ഓഫ് പ്ലീവന്റെ ഉന്നത ബഹുമതി ലഭിച്ചു. യൂണിവേഴ്സിറ്റിയിൽ എം. ബി. ബി. എസ്സിന് ഏറ്റവും ഉയർന്ന മാർക്ക് നേടിയ ഡോ.ഡിയായ്ക്ക് 'ഗോൾഡൻ ഹിപ്പോക്രാറ്റ് അവാർഡ് നൽകി യൂണിവേഴ്സിറ്റി ആദരിച്ചു. ദോഹ ഐഡിയൽ ഇൻഡ്യൻ സ്കൂളിൽ നിന്നും പ്ലസ് ടുവിനുശേഷമാണ് ബൾഗേറിയായുടെ തലസ്ഥാനമായ സോഫിയായിലുള്ള പ്ലീവൻ യൂണിവേഴ്സിറ്റിയിൽ ചേർന്നത്. ദോഹ ഐ. പി. സി. ശാലേം സഭയിൽ ഈ കുടുംബം ആരാധിച്ചു പോരുന്നു.

# ആലയസമർപ്പണം




**കുറുപ്പുംപടി:** കോതമംഗലം സെക്ഷന്റെ കുറുപ്പുംപടി ഏ. ജി. പ്രയർ സെന്ററിന്റെ പ്രതിഷ്ഠ ഫെബ്രുവരി മാസം 27ന് ഏ. ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. വി. ജെ. ശാമുവേൽ നിർവ്വഹിച്ചു. കോതമംഗലം സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ വി. യു. കുര്യൻ അദ്ധ്യക്ഷനായിരുന്നു. സെക്ഷനിലെ ദൈവദാസന്മാരും മറ്റ് ദൈവദാസന്മാരും ദൈവമക്കളും പങ്കെടുത്തു. ഇവിടെ പാസ്റ്റർ ജേക്കബ് റ്റി. ജോൺ കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. ഇവിടുത്തെ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുക.

# കൺവൻഷൻ

**ദുബായ്:** ഐ. പി. സി. കർമ്മേൽ ദുബായുയുടെ ചുമതലയിൽ 2014 ഏപ്രിൽ 7,8,9 തീയതികളിൽ കൺവൻഷൻ നടത്തപ്പെടുന്നു. ഹോളി ട്രിനിറ്റി ചർച്ച് കമ്മ്യൂണിറ്റി ഹാളിൽ ദിവസവും 7.30 മുതൽ 10 വരെയാണ് കൺവൻഷൻ. പാസ്റ്റർ രാജു മേത്ര പ്രസംഗകനായിരിക്കും. പാസ്റ്റർ സി. ഡി. സാമുവേൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സോണാപൂർ, അൽഖൂസ്, ജബൽ അലി എന്നിവിടങ്ങളിലേക്ക് യാത്രാക്രമീകരണം ഉണ്ടായിരിക്കുന്നതാണ്. കർമ്മേൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

**കൂടുതൽ വിവരങ്ങൾക്ക് 050 678 3845**

# ഉപവാസ പ്രാർത്ഥന

**കാട്ടാക്കട:** തൂങ്ങാംപാറ വേങ്ങനിന്നവിള ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയിൽ വച്ച് 21 ദിവസത്തെ ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും നടക്കുന്നു. 2014 ഏപ്രിൽ 7 തിങ്കൾ മുതൽ 27 ഞായർ വരെ.

ആത്മീയ വിടുതൽ ശുശ്രൂഷകളിൽ കൃപാവര പ്രാപ്തരായ അഭിഷിക്തന്മാർ ശുശ്രൂഷിക്കുന്നു. പാസ്റ്റർ റ്റി. എം. മാമച്ചൻ (ചെങ്ങന്നൂർ), പാസ്റ്റർ സി. എം. വത്സലദാസ്, പാസ്റ്റർ സെൽവരാജ് (നാഗപട്ടണം), പാസ്റ്റർ സന്തോഷ് വർഗ്ഗീസ് (മാവേലിക്കര), പാസ്റ്റർ ജിജി ഏബ്രഹാം (കോട്ടയം), പാസ്റ്റർ സജൻ (വെൺപാലം), പാസ്റ്റർ ജയ്മോൻ (തിരുവല്ല), പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം (മണക്കാല), പാസ്റ്റർ ജോയി (പറക്കോട്), പാസ്റ്റർ സജി ഫിലിപ്പ് (മാവേലിക്കര), പാസ്റ്റർ തങ്കരാജ്, പാസ്റ്റർ അജികുമാർ, പാസ്റ്റർ ജോയി (ചെങ്കൽ), പാസ്റ്റർ സുരൻ, പാസ്റ്റർ അഭിഷേക് എന്നിവർ ശുശ്രൂഷിക്കുകയും പാസ്റ്റർ കെ. ക്രിസ്തുദാസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

# വി. ബി. എസ്

**ഇരവിപേരൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കുമ്പനാട് വെസ്റ്റ് ഡിസ്ട്രിക്ടിന്റെ ചുമതലയിൽ 2014 ഏപ്രിൽ 7 മുതൽ 12 വരെ (ദിവസവും രാവിലെ 8.30 മുതൽ 12.00 വരെ) ഇരവിപേരൂർ ചർച്ച് ഓഫ് ഗോഡ് ഹാളിൽ വി. ബി. എസ്. നടക്കും. സ്റ്റാർസ് (മത്തായി 2:10) ആണ് തീം. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ തോമസ് എം. പുളിവേലിൽ വി. ബി. എസ്. ഉദ്ഘാടനം ചെയ്തു. 5 മുതൽ 19 വയസ്സുവരെ ഉള്ളവർക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് 9947735064,സ 9947803224

# എക്സൽ വി.ബി.എസ്

**പാണ്ടനാട്:** ചർച്ച് ഓഫ് ഗോഡ് കീഴ്വന്മഴി ഗിൽഗാൽ സഭയുടെ ആഭിമുഖ്യത്തിൽ എക്സൽ വെക്കേഷൻ ബൈബിൾ സ്കൂൾ 2014 മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ രാവിലെ 8.30 മുതൽ 12. 30 വരെയുള്ള സമയത്ത് കീഴ്വന്മഴി ഗിൽഗാൽ ചർച്ചിൽവച്ചു നടക്കും. എക്സൽ മിനിസ്ട്രീസ് ക്ലാസുകൾക്ക് നേതൃത്വം വഹിക്കും. ആകർഷകമായ ഗാനങ്ങൾ, കഥകൾ, അഭിനയ ഗാനങ്ങൾ, പപ്പറ്റ് ഷോ, ഫിലിംഷോ, റാലി, സാംസ്കാരിക സമ്മേളനം തടങ്ങിയവ നടക്കും. സഭാനേതാക്കന്മാരും, രാഷ്ട്രീയ- സാംസ്ക്കാരിക- വിദ്യാഭ്യസ മേഖലയിലെ പ്രമുഖരും പങ്കെടുക്കും. പാസ്റ്റർ എ.എൻ. രാജു പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകും.

**ബന്ധപ്പെടേണ്ട ഫോൺനമ്പർ : 9961718359, 8080451638**

# Matrimonial

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ നിൽക്കുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതി (പാസ്റ്ററുടെ മകൾ)26, 5'2' ബി. എസ്.സി നേഴ്സ്. ട്യൂട്ടറായി കേരളത്തിലെ പ്രശസ്തമായ ആശുപത്രിയിൽ ഇപ്പോൾ ജോലി ചെയ്യുന്നു. വെളുത്തനിറം സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 9446194780, 9048753260**

ജോലിയോടുകൂടി വടക്കേ ഇന്ത്യയിൽ സുവിശേഷവേല ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ്, പാലക്കാട് ജില്ല, വെളുത്തനിറം, 29 വയസ്സ് 6'. ഏപ്രിൽ രണ്ടാം ആഴ്ചയിൽ നാട്ടിൽ വരുന്നു.ജോലിയോടുകൂടെ സുവിശേഷീകരണത്തിന് സമർപ്പണമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ- 9745326766, 9495228018**


## സഭാഹാൾ സമർപ്പിച്ചു




**മുംബൈ:** വിക്രോളി ചർച്ച് ഓഫ് ഗോഡ് പുതുതായി പണികഴിപ്പിച്ച സഭാഹാളിന്റെ ഉദ്ഘാടനം റീജിയണൽ ഓവർസീയർ റവ. ജോസഫ് മാത്യു നിർവ്വഹിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർ റവ. പി.റ്റി. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ ബെൻജി മാത്യു സങ്കീർത്തനം വായിച്ചു. റവ. വി.ഒ. വർഗ്ഗീസ് (ഇവാഞ്ചലിസം ഡയറക്ടർ )മുഖ്യ സന്ദേശം നൽകി. കഴിഞ്ഞ 36 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ബ്രദർ. ഡി.ജി. മാർട്ടിൻ അവതരിപ്പിച്ചു. ബ്രദർ റോബിൻ തോമസ്, സിസ്റ്റർ എത്സമ്മാ ജോർജ്ജ്, ബ്രദർ കെ.വി. ജോൺ, ബ്രദർ എം.സി. മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. സഭാ സെക്രട്ടറി ബ്രദർ ഫിലിപ്പ് വർഗ്ഗീസ് നന്ദി പറഞ്ഞു.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ**
**ബിലീവേഴ്സ് ജേണൽ**

# പേരും......നമ്പരും

**ബോം**ബെ (മുംബൈ)യിൽ ജോലിയിലായിരുന്ന സാബു (ശരിയായ പേരല്ല) വിവാഹത്തോടനുബന്ധിച്ചാണ് നാട്ടിലെത്തിയത്. വിവാഹശേഷം പഞ്ചായത്തിൽ നൽകുന്നതിലേക്കായി സഭാ ആസ്ഥാനത്തു നിന്നും വിവാഹ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി അവിടെ എത്തിച്ചേർന്നു. ബസിറങ്ങിയപ്പോൾ തന്നെ ഒരു "ഭൃത്യൻ" കാത്തു നിന്നതു പോലെ ഹസ്തദാനം നൽകി തൊട്ടടുത്ത കടയിൽ നിന്നും ചായ ഇപ്പോൾ വേണ്ട എന്ന് നിർബന്ധിച്ചു പറഞ്ഞിട്ടും നാരങ്ങാ വെള്ളവും ചെറുപഴവും നിർദ്ദയം കഴിപ്പിച്ചു; അവിടംകൊണ്ടു തീർന്നില്ല കൂടെ നടന്നു വീട്ടുലുള്ളവർക്ക് ഒക്കെ സുഖമല്ലെ എന്നു വേണ്ട സകല വിധ കുശലാന്വേഷണങ്ങളും പരിചിതനെപ്പോലെ നടത്തി ഓഫീസടുക്കാറായപ്പോൾ അവിടെവിടെ കൂടി നിൽക്കുന്ന ദാസന്മാരുടെ കൈകളിലകപ്പെടാതെ തന്നെ മുമ്പോട്ടുനടത്തി "എന്റെ പേരും, നമ്പറും മറക്കരുത്...." എന്നു പറഞ്ഞപ്പോഴാണ്. സാബുവിന് സ്നേഹത്തിന്റെ പൊരുൾ പിടികിട്ടിയത്-തന്റെ സഭയിലെ ദൈവദാസന്റെ പ്രേരണയാണ്, മീശയെടുക്കുവാനും എപ്പോഴും വെള്ള ഉടുപ്പുധരിക്കുവാനും തനിക്ക് ഇടയായത് അദ്ദേഹം പറയാറുണ്ടായിരുന്നു - ഇത്തരം രീതികൾക്കൊണ്ട് സഹോദരന് വളരെ ഗുണമുണ്ടാകുമെന്ന്. മുമ്പ് പലപ്പോഴും അതിന്റെ ഗുണം തനിക്ക് ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഒരിക്കൽകൂടി തെളിഞ്ഞു ദൈവഭൃത്യന്മാർ പറയുന്നതിൽ കാര്യമുണ്ടെന്ന് - ഏതായാലും ഒരു കാര്യം സത്യമാണ് "മനുഷ്യൻ പുറമേയുള്ളത് തന്നെ നോക്കുന്നു....തന്റെ വേഷത്തിൽ തനിക്ക് അഭിമാനം തോന്നി.....തിരിയെ ഇറങ്ങിവരുമ്പോൾ അതാ നമ്മുടെ "ഭൃത്യൻ" അടുത്തയാളുമായി തന്റെ നേരെ വരുന്നു....തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങളെ എതിർത്തിരുന്ന സാബു അന്നുതന്നെ ഒരു തീരുമാനമെടുത്തു ഒരു കാലത്തും സഭകളിലെ സമ്പ്രാദയങ്ങളെ എതിർക്കില്ല....നോക്കണെ ഒരോ മനം മാറ്റങ്ങള്....ജനാധിപത്യം നീണാൽ വാഴട്ടെ....ശുഭം....

## ബോധവൽക്കരണ സന്ദേശ യാത്ര നടത്തി

കേരളത്തിൽ വർദ്ധിച്ചു വരുന്ന മദ്യപാനത്തിനും ലഹരി ഉപയോഗങ്ങൾക്കും സാമൂഹ്യ തിന്മകൾക്കുമെതിരെ കേരള ജനതയെ ബോധവൽക്കരിക്കുവാൻ ഫെബ്രുവരി 5-ാം തിയ്യതി പാറശ്ശാലയിൽനിന്നും ആരംഭിച്ച് 26-ാം തിയ്യതി കാസർഗോഡുവരെ ബോധവൽക്കരണ സന്ദേശ യാത്ര നടത്തി. റൈറ്റ്. റവ.ഡോ. മാനുവൽ അഹിമാസ് (ബിഷപ്പ്, സോൾ വിന്നിംഗ് ചർച്ച് ഓഫ് ഇന്ത്യ) അവർകളുടെ പ്രാർത്ഥനയോടെ ആരംഭിച്ച സന്ദേശയാത്ര പരിപാടികൾ ശ്രീ. ആർ. വൽസൻ (കെ.പി.സി.സി.സെക്രട്ടറി) ഉദ്ഘാടനം ചെയ്തു. പാറശ്ശാല സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോൺ അവർകൾ ഫ്ളാഗ് ഓഫ് ചെയ്തു. ശ്രീ. ബാബു കെ. മാത്യൂ (സ്ഥാപക ഡയറക്ടർ, പി.എഫ്.കെ.) നേതൃത്വം നൽകി. ശ്രീ. ജോൺ കുരികേശു(ഡയറക്ടർ ലൈഫ് ചലഞ്ച്) സന്ദേശ യാത്രയുടെ ക്യാപ്റ്റൻ ആയിരുന്നു.

## നിത്യതയിൽ



### ഏലിയാമ്മ

**തിരുവല്ല:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ ഉടുമ്പൻചോല ഏരിയ കൺവീനർ കുറ്റപ്പുഴ വെള്ളിയാംമാക്കൽ പാസ്റ്റർ വി. എം. ഫിലിപ്പിന്റെ ഭാര്യ ഏലിയാമ്മ (69) നിര്യാതയായി. സംസ്കാരം നടത്തി. കണ്ണൂർ ഇരിട്ടി വിത്തുപുരയിൽ കുടുംബാംഗമാണ്. മക്കൾ പാസ്റ്റർ വി. പി. മത്തായിക്കുട്ടി (ഡൽഹി), പാസ്റ്റർ വി. പി. കുര്യാച്ചൻ (കാനഡ), ഓമന (ഹരിയാന), പാസ്റ്റർ വി. പി. ഫിലിപ്പ് (ഐ. പി. സി. കടമാൻകുളം). മരുമക്കൾ: വൽസമ്മ, ഷേർളി, പാസ്റ്റർ ബെന്നി ജോർജ്ജ് (ഹരിയാന), സജീന.

### ജോർജ്ജ് വി. താഴാംപള്ളത്ത് (ജോർജ്ജുകുട്ടി - 78)



മിഡിൽടൗൺ, കണക്ടിക്കട്ട്, തിരുവല്ല താഴാംപള്ളത്ത് പരേതനായ ടി. കെ. വർഗീസിന്റെയും അച്ചാമ്മ വർഗീസിന്റെയും ഇളയമകൻ ജോർജ്ജ് വി. താഴാംപള്ളത്ത് (ജോർജ്ജുകുട്ടി - 78) മാർച്ച് 12ന് ഹാർട്ട്ഫോഡ് ഹോസ്പറ്റലിൽ വച്ച് താൻ പ്രീയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ചില നാളായി കിഡ്നി സംബന്ധമായ രോഗത്താൽ ഡയാലിസിസിനു വിധേയനായിരുന്നു താൻ.

കഴിഞ്ഞ 53 വർഷമായി തന്റെ ജീവിത പങ്കാളിയായിരുന്ന ഏലിയാമ്മ ഏബ്രഹാം താഴാം പള്ളത്തും, മക്കളും, മരുമക്കളും, കൊച്ചു മക്കളും, മറ്റു കുടുംബാംഗങ്ങളും മരണ സമയത്ത് തന്റെ സമീപം ഉണ്ടായിരുന്നു. പതിനഞ്ചു വർഷത്തോളം സംസ്ഥാന പൊതു മാരമത്തു വകുപ്പിൽ സിവിൾ എഞ്ചിനിയർ ആയി സേവനം അനുഷ്ഠിച്ച ശേഷം 1968-ലാണ് താൻ അമേരിക്കയിലേക്ക് കുടിയേറിയത്. 1975മുതൽ കണ്കടിക്കട്ടിലുള്ള മിഡിൽടൗൺ പട്ടണത്തിൽ കുടുംബമായി താമസിച്ചു വരികയായിരുന്നു. കണ്കടിക്കട്ടിലുള്ള നോർത്ത് ഈസ്റ്റ് യുട്ടിലിറ്റീസിൽ ഡിസൈൻ എഞ്ചീനിയർ ആയി 33 വർഷം താൻ സേവനം അനുഷ്ഠിച്ചു.

മക്കൾ: ഷീന-ജയിംസ് (മിഡിൽടൗൺ), ബീന-വിക്ടർ (ബർമ്മിംഗ് ഹാം, അലബാമ), ജിൻ-എറിൽ (മിഡ്ടൗൺ). കൊച്ചുമക്കൾ: ലിയ, ഡിലൻ, ഹാന്നാ, ഹാലെ, ലുക്ക്, നോഹ, ജോഷ്വ, ഏലി. മാർച്ച് 21-ന് വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ വ്യുവിംഗും മാർച്ച് 22-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഫ്യൂണറൽ സർവ്വീസും ക്രോസ് സ്ട്രീറ്റ് എ. എം. ഇ. സയോൺ ചർച്ച് 440 വെസ്റ്റ് സ്ട്രീറ്റ്, മിഡ്ടൗൺ, കണക്ടിക്കട്ട് വച്ച് നടത്തി. റവ. സണ്ണി ഫിലിപ്പിന്റെ നേതൃത്വത്തിൽ ഫ്യൂണറൽ സർവ്വീസ് നടത്തിയശേഷം ഇന്ത്യൻ ഹിൽ സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷ നടത്തി.

## ജനറൽ ബോഡിയും തെരഞ്ഞെടുപ്പും

**തിരുവനന്തപുരം:** 2014 2017 ലെ രണസമിതി തെരഞ്ഞെടുപ്പും 2014 മാർച്ച് 30 ാം തീയതി ഞായറാഴ്ച വൈകു. 4.00 മണിക്ക് സൗത്ത് സെന്ററിലെ ചേങ്കോട്ടുകോണം ഐ. പി. സി. സ ാഹാളിൽ വച്ച് നടത്തപ്പെടുന്നു. ഇലക്ഷൻ കമ്മീഷണറായി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബ്ര. പീറ്റർ മാത്യു കല്ലൂരിനെ ചുമതലപെടുത്തിയിരിക്കുന്നു.





| PROGRAM | DURATION | MEDIUM | REQUIRED QUALIFICATIONS |
|---|---|---|---|
| M.Div* | 2 Years<br>3 Years | English<br>English | B.Th (Recognized)/<br>Any Bachelor Degree |
| B.Th* | 4 Years | English | +2 Pass/Equivalent |
| M.A in Th. | 2 Years | English | B.Th/Any Bachelor Degree |
| M.Div* (Distance) | 3 Years (Minimum) | English | B.Th (Recognized)/ Any Bachelor Degree/ Mature Candidate |
| M.A in H.C.D (Distance) | 2 Years | English | B.Th (Recognized)/ Any Bachelor Degree |

* Programs are accredited to by ATA

Perfecting the Saints for Transforming the World

OUR FOUR FOLD EMPHASIS:
- Academic Excellence
- Ministry Emphasis
- Character Formation
- Vocational Training
  - Music and Language Training
  - Computer Skills

*The next Interviews on April 10th and May 5th*

**IPC Theological Seminary Kottayam**
Accredited by Asia Theological Association
Puthuppally P.O., Kottayam 686 011, Kerala, India Ph: +91-481-2353040; 2351774
Email: ipctsk@gmail.com Website: http//www.ipcseminary.com

ലേഖനം

# ബേർ – ലഹയീ – രോയീ



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

"ദൈവം നമ്മെ കാണുന്നു" എന്ന വേദപുസ്തകാധിഷ്ഠിത ചിന്തയുടെ പ്രസക്തി നമുക്കിടയിൽ കുറയുന്നത് ആശങ്കയോ നോക്കി കാണേണ്ടതുണ്ട്. "ദൈവമെല്ലാം കാണുന്നു" എന്നത് പരക്കെ പറയപ്പെടുന്ന വെറുമൊരു കേവല പ്രസ്താവനയായി നമുക്ക് തിരിയുന്നതിന്റെ പിന്നിൽ യാഥാർത്ഥ്യങ്ങളിൽ നിന്നുമുള്ള നമ്മുടെ ഒളിച്ചോട്ടമാണ് ഹേതു. മനുഷ്യമനസ്സിന്റെ അഗാധതങ്ങളിൽ ഉളവാക്കപ്പെടുന്ന ചിന്തകളുടെ അംശങ്ങൾപോലും കാലേക്കൂട്ടി ഗ്രഹിക്കുവാൻ കഴിയുന്ന സർവ്വജ്ഞാനീയത ദൈവീക സ്വഭാവത്തിന്റെ മാത്രം പ്രത്യേകതയാണ്. ദൈവീക നിരീക്ഷണത്തിന്റെ പരിധിയിലാണ് നാം എല്ലായ്പ്പോഴും. ആകാശവും ഭൂമിയും നിറഞ്ഞുനിൽക്കുന്ന ദൈവത്തെ മറച്ചിട്ട് കേവലം മനുഷ്യർ നടത്തുന്ന ഇരുട്ടിന്റെ പ്രവർത്തികളെ കൂരിരുട്ടിൽ ന്യായം വിധിക്കുന്നവൻ കാണാതിരിക്കുമോ? ഈ അറിവ് അന്യമാകുമ്പോൾ നാം എത്തപ്പെടുന്നത് അപകടമേഖലകളിലായിരിക്കും. പിന്നീടങ്ങോട്ടു നാം ചെയ്യുന്നതെല്ലാം തെറ്റും ശരിയും വേർതിരിച്ചറിയുവാൻ കഴിയാത്ത അബദ്ധക്രീയകൾ മാത്രം! അടിപിടിയും അക്രമരാഷ്ട്രീയവും അതിരുകടക്കുന്ന അഴിമതിയും അവസരവാദ നയങ്ങളും അവയുടെ അനവസരത്തിലുള്ള വ്യതിയാനങ്ങളും കുറ്റം പറഞ്ഞും കൂട്ടിക്കൊടുത്തും കുതികാൽ വെട്ടിയും കൂട്ടുസഹോദരനെ കുടിയിറക്കിയും നടത്തുന്ന കുടിലതന്ത്രപ്രവർത്തികൾ.!!! കപട പ്രവചനം നടത്തിയും കള്ളംപറഞ്ഞും കളിതമാശ പറഞ്ഞും ഭൂത-രോഗ-ശാപ ശാന്തിയുടെ പേരിൽ കളവു നടത്തിയും കാശുണ്ടാക്കി കീശ വീർപ്പിക്കാനുള്ള പ്രവണതകൾ!! വേഷം കെട്ടിയും വോട്ടു പിടിച്ചും വിലകുറഞ്ഞ വേലകൾ കാട്ടിയും വല്ലവിധേനയും അധികാരം കയ്യാളാനുള്ള കുത്സിതശ്രമങ്ങൾ!!! ഇതെല്ലാം ദൈവമറിയാതെയോ? ദൈവം നമ്മെ കാണുന്നുണ്ട്!! ബേർ-ലഹയി-രോയി!!!

സാറായിയുടെ അബദ്ധ തീരുമാനവും അതിന്റെ അബ്രാമ്യ അനുവർത്തനവും ഉണ്ടാക്കിയ ദുരന്തങ്ങൾ ചെറുതല്ല. ദൈവം കൊടുക്കുമെന്നുറപ്പു നൽകിയിട്ടും സന്താനലബ്ധിക്കായി ദാസിയായ ഹാഗാരിന്റെ അടുക്കലേക്ക് സ്വഭർത്താവിനെ പറഞ്ഞയക്കുമ്പോൾ ഭാവിയിലുണ്ടായേക്കാവുന്ന പ്രശ്നങ്ങളെ അവൾ തിരിച്ചറിഞ്ഞില്ല. യജമാനപ്രജ ഉള്ളിൽ ഉരുവായെന്നറിഞ്ഞപ്പോൾ യജമാനത്തി അവളുടെ കണ്ണിനു നിന്ദിതയായത് സ്വാഭാവികം. അബ്രഹാമിന്റെ അനുവാദത്താൽ സാറായി അഴിച്ചുവിട്ട പീഡനത്തിൽ പിടിച്ചു നിൽപ്പാൻ കഴിയാതെ അവൾ മരുഭൂമിയിലേക്കു പാലായനം ചെയ്തു. ഹാഗാർ തന്റെ യജമാനത്തിയോടു കാട്ടിയ നിന്ദ്യസമീപനം തീർത്തും അനീതിപരം. കീഴടങ്ങിയിരിക്കേണ്ടവൾ കീഴ്‌വഴക്കങ്ങളെ ലംഘിക്കുന്നത് അനർഹമായതു ലഭിച്ചതിന്റെ പേരിലല്ലേ? ആരും കാണുന്നില്ല എന്ന് കരുതിയെങ്കിലും "സാറായിയുടെ ദാസിയായ ഹാഗാരെ" എന്ന് അഭിസംബോധനയുമായി ദൈവത്തിന്റെ ദൂതൻ അവളെ സമീപിക്കുന്നു. ചെയ്ത അപരാധത്തിന്റെ അനുബന്ധമായി നാം നടത്തുന്ന എല്ലാ ഒളിച്ചോട്ടങ്ങളും ദൈവിക നിരിക്ഷണത്തിലാണ്. അനവസരത്തിൽ ലഭിച്ച പലതിന്റെയും പേരിൽ നമ്മിൽ നിന്നുണ്ടാകുന്ന ക്രമക്കേടുകൾ ദൈവ മുൻപാകെ പൊറുക്കാൻ കഴിയാത്ത അപരാധമാണ്.

എല്ലാം നാം ചെയ്തു കൂട്ടുമ്പോഴും ആരും നമ്മെ കാണുന്നില്ല എന്ന നിരർദ്ധക ചിന്ത നമ്മിൽ ഉണ്ടാവുകയാണ്. കാരണം ദൈവത്തോട് നമുക്കത്രയ്ക്ക് അടുപ്പമായി. കാലപ്പഴക്കത്താൽ ദൈവത്തോടടുത്തിരിക്കുന്നവർ എന്ന ലേബലിൽ നമ്മുടെ എല്ലാ പ്രവർത്തികൾക്കും മുകളിൽ ഉള്ള ദൈവത്തിന്റെ നിരീക്ഷണങ്ങൾക്കു നാം വില കൊടുക്കാറില്ല. ദാസ്യത്വത്തിൽ നിന്നും മുതലാളിത്വത്തിലേക്ക് നാം നടന്നു കയറിയപ്പോൾ തകർക്കാൻ ശ്രമിച്ചത് ദൈവികനിരീക്ഷണത്തിന്റെ സീമകളെയാണ്. ഞെരുക്കത്തിൽ നിന്നും വിശാലതയിലേക്ക് മാറിയപ്പോൾ, അക്ഷന്തവ്യമായ പലതും ചെയ്തപ്പോൾ നാം ഗണിക്കാതെ വിട്ടുകളഞ്ഞത് ദൈവം നമ്മെ കാണുന്നു എന്ന സത്യമായിരുന്നു. കാണാത്തതും പ്രതികരിക്കാത്തതുമായി നാം രൂപപ്പെടുത്തിയ ദൈവ സങ്കല്പം കൂടുതൽ പാപങ്ങൾ ചെയ്തു കൂട്ടുവാൻ നമ്മെ പ്രോത്സാഹിപ്പിച്ചു. പരസ്പര പോരാട്ടവും അസാന്മാർഗ്ഗിക പ്രവണതകളും ജഡീക വാഴ്ചയുടെ ക്രൂര ഭാവങ്ങളും ആത്മീയതയുടെ പേരിൽ നടത്തപ്പെടുന്ന അസംബന്ധനാടകങ്ങളും നമുക്കിടയിൽ ശക്തിപ്പെടുമ്പോൾ നാം നടത്തുന്നതെല്ലാം ദൈവം കാണുന്നു എന്നത് നാം മനപൂർവ്വം മറന്നുപോകുനന്നു. നാം കാട്ടുന്ന പരീശ ഭക്തിയും കപട ആത്മീയതയുമെല്ലാംകൂടി വരുമ്പോൾ ദൈവം പ്രതികരിക്കാത്തതുകൊണ്ട് അതെല്ലാം സ്വർഗ്ഗം അംഗീകരിക്കുന്നു എന്നത് സാത്താന്യ ചിന്തയാണ്. ഇതര സമുദായങ്ങളിൽ പോലും ദൈവം കാണുന്നു എന്നതിന്റെ പേരിലെങ്കിലും പലതും വിലക്കപ്പെടുമ്പോൾ നമുക്കിടയിലെ ഭയമില്ലായ്മ ഖേദകരമാണ്. കാട്ടിക്കൂട്ടുന്നതെല്ലാം കാണാതെ കണ്ണുകെട്ടി പെന്തക്കോസ്താലയങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഭാവഭേദങ്ങൾ ഒന്നുമില്ലാത്ത വിഗ്രഹമല്ല ദൈവം- അവൻ നമ്മെ കാണുന്നു.

തങ്ങളുടെ ആലോചനയെ യഹോവെയ്ക്കു അഗാധമായി മറെച്ചുവെയ്ക്കുവാൻ നോക്കുകയും തങ്ങളുടെ പ്രവൃത്തികളെ അന്ധകാരത്തിൽ ചെയ്കയും: ഞങ്ങളെ ആർ കാണുന്നു? ഞങ്ങളെ ആർ അറിയുന്നു എന്നു പറയുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം! (യെശയ്യാ 29 : 5) ദൈവത്തെ ചൊൽപ്പടിക്ക് നിർത്തി കാട്ടി കൂട്ടുന്ന കോലഹലങ്ങൾ ഒരുനാൾ പിടിക്കപ്പെടും. പണവും ആൾ സ്വാധീനവും തന്ത്രങ്ങളും ഉപയോഗിച്ച് പലതും നമുക്ക് ഒളിപ്പിക്കാമെങ്കിലും ഇതെല്ലം ദൈവീക വീക്ഷണത്തിലാണ് എന്നത് തിരുത്താനാകാത്ത യാഥാർത്ഥ്യം. ഹിത്യനായ ഊരിയാവിനെ തന്ത്രപരമായി കൊലപ്പെടുത്തി തന്റെ ഭാര്യയെ കൈകലാക്കിയെങ്കിലും ആരുമറിയാതെ നടത്തിയ അനധികൃത ഇടപാടുകൾ അത്യുന്നതനാൽ പിടിക്കപ്പെട്ടു. അതുമൂലം ദാവീദിന് വിലക്കപ്പെട്ടത് ആലയ നിർമ്മാണത്തിനുള്ള അനുമതിയായിരുന്നു. ദൈവം കാണുന്നില്ല എന്ന തോന്നലിൽ നമ്മിലൂടെ ഉണ്ടാകുന്ന പാപപ്രവർത്തികൾ നമ്മിൽ ആജീവനാന്ത വിലക്കുകൾ ഏർപ്പെടുത്തും. വിശ്വാസ ജീവിതത്തിന്റെ പ്രാരംഭ നാളിൽ നാം ഭയത്തോടെ കണ്ടിരുന്ന പലതും കാലപ്പഴക്കത്തിൽ അത് നമ്മുടെ ദിനചര്യയായി മാറുമ്പോഴും കർത്താവിന്റെ നിരീക്ഷണത്തിലാണ് നാം എന്നത് വിസ്മരിക്കരുത്. ഒരിക്കൽ നാം ഭയപ്പെട്ടിരുന്നത് തലമുറകൾ മാറി വന്നപ്പോൾ ദൈവം കണ്ടാലും കുഴപ്പമില്ല, ഞങ്ങൾ ചെയ്യുന്നത് തുടരും എന്ന സ്ഥിതിയായി. അനവധിയായ തെറ്റുകൾ ചെയ്തിട്ട് നാം നടത്തുന്ന ഒളിച്ചോട്ടത്തിനിടയിൽ മരുഭൂമിയിൽ വച്ച് ഒരു പക്ഷേ ദൈവപ്രത്യക്ഷത നമ്മെ നേരിട്ടു എന്നുവരാം. ഒരു മടങ്ങിപോക്കിനുള്ള ആഹ്വാനം നല്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ വിട്ടുപോന്നതിലേക്ക് ഒരു മടക്കം അനിവാര്യമാണ്. ദൈവം കാണുന്നില്ല എന്ന് പറഞ്ഞു നാം പലതിനും പുതിയ പേരിടുമ്പോൾ തെറ്റ് മനസ്സിലാക്കി ഒടുവിൽ മടങ്ങി വരുവാൻ തീരുമാനിച്ചപ്പോൾ അവൾക്കായി തുറന്ന നീരുറവിനെ നോക്കി വിളിച്ചു -ബേർ- ലഹയി രോയി- ദൈവം എന്നെ കാണുന്നു.!! നമുക്കു പറയാം ബേർ- ലഹയി- രോയി!! ദൈവമേ നീ എന്നെ കാണുന്നു.

---

വിധിയും വിചാരണയും

# മിണ്ടുന്നവർക്കെതിരെ ഗുണ്ടായിസം വീണ്ടും



രാജു ആനിക്കാട്

പത്രപ്രവർത്തനത്തിന്റെ അതിർവരമ്പ് നിശ്ചയിക്കാൻ ഇവിടെ പത്രനിയമം ഉണ്ടെങ്കിലും അത് എവിടെവരെയാകാമെന്ന് നിർവ്വചിക്കാൻ ഇതുവരെയും നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പത്രപ്രവർത്തകർക്ക് നേരെ ആക്ഷേപം ഉന്നയിക്കുന്നവർ ഭീഷണിയുയർത്തുന്നവർ പലപ്പോഴും കോടതിയെ ചൂണ്ടിക്കാട്ടിയാണ് പത്രരംഗത്ത് പ്രവർത്തിക്കുന്നവരെ ഭീഷണിപ്പെടുത്താറ്. എന്നാൽ നാളിതുവരെയുള്ള മാധ്യമരംഗത്ത് ചരിത്രം പരിശോധിച്ചാൽ വരമൊഴിയുടെ വായ് മൂടിക്കെട്ടാൻ രംഗത്ത് ഇറങ്ങിയവരൊക്കെ ഇളിഭ്യരായ ചരിത്രമേ ഉള്ളൂ. ഇന്നും ഇതൊന്നും മനസ്സിലാക്കാതെ ചിലരൊക്കെ മാധ്യമങ്ങളെ മസിൽപവർ കൊണ്ട് ഒതുക്കാൻ ശ്രമിക്കുന്നത് കാണുമ്പോൾ വാസ്തവത്തിൽ ചിരിയാണുണ്ടാവുക.

വിമർശനങ്ങളെ നന്നേ ഭയക്കുന്നവരാണ് പെന്തക്കോസ്തുകാർ. അങ്ങനെയുള്ളവർ മൂല്യാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുന്നതിന് പ്രതിജ്ഞാബദ്ധരായിരിക്കേണ്ടതാണ്. അത് ചെയ്യാതെ പത്രങ്ങളുടെ പറയാനുള്ള അധികാരത്തെ ഗുണ്ടായിസംകൊണ്ട് ഇല്ലാണ്ടാക്കാമെന്ന് വിചാരിക്കുന്നത് ശുദ്ധഭോഷത്വമാണ്. നേതൃരംഗങ്ങളിൽ പ്രവർത്തിക്കുന്നവർ ഒന്നുങ്കിൽ സംശുദ്ധമായ ജീവിതം നയിക്കുവാൻ തയ്യാറാവുക. അല്ലായെങ്കിൽ വിമർശനങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കാൻ പരിശീലിക്കുക. ഇത് രണ്ടും ഇല്ലാത്തവരാണ് മാധ്യമങ്ങൾക്കെതിരെ മൂന്നാംകിട ആളുകളെക്കൊണ്ട് ഭീഷണി മുഴക്കുന്നത്. ഇത് സംസ്കാരസമ്പന്നമായ ഒരു സമൂഹത്തിനും ഭൂഷണമില്ലാതിരിക്കെ പെന്തക്കോസ്തുപോലെ ഒരു മൂല്യാധിഷ്ഠിത പ്രസ്ഥാനത്തിന് എത്രമാത്രം ചേരും.

രാഷ്ട്രീയരംഗത്തെ, പെന്തക്കോസ്തർ വളരെ ആക്ഷേപിക്കാറുണ്ട്. എന്നാൽ നമ്മൾ പറയുന്ന ആത്മീകതയുടെ നേരിയ വെളിച്ചംപോലുമില്ലാത്ത രാഷ്ട്രീയക്കാർ ഈ ആത്മീകരെക്കാൾ എത്രയോ ശ്രേഷ്ഠരാണെന്ന് നമുക്ക് മനസ്സിലാകുന്ന സന്ദർഭങ്ങൾ നിരവധിയാണ്. ഇവിടുത്തെ ഭരണാധികാരികൾ നേരിടുന്ന വിമർശനങ്ങളൊന്നും ആത്മീയനേതൃത്വങ്ങൾക്ക് താങ്ങാവുന്നതിൽ അപ്പുറമാണ്. എന്നാൽ അവർ കാണിക്കുന്ന ഒരു സുജനമര്യാദ നമ്മൾ പകർത്തേണ്ടതാണ്. നേതാവ് അതാരാണെങ്കിലും അയാൾ ഒറ്റയ്ക്കല്ല. അയാൾ ഒരു സമൂഹത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. അതുകൊണ്ട് എത്രവലിയ പ്രതിരോധവും പ്രതിഷേധവും വിശാലമനസ്സോടെ സ്വീകരിക്കാൻ അവർക്ക് കഴിയും, കഴിയണം. ഒരു കാലത്തും സർവ്വസമ്മതനായി ഒരാൾക്കും അധികാരകസേരയിൽ ഇരിക്കാൻ കഴിയുകയില്ല. അഭിപ്രായ സ്വാതന്ത്ര്യമുള്ള ഒരു ജനതയുടെ നടുവിൽ ആരുടെയും പൗരസ്വാതന്ത്ര്യത്തെ ഹനിക്കാനും നമുക്കാവുകയില്ല. അതുകൊണ്ട് വിമർശന ആക്ഷേപശരങ്ങൾ നമ്മുടെ പദവിയുടെ മഹത്വത്തിനനുസരിച്ച് കൂടിക്കൊണ്ടേയിരിക്കും. ഒരു ഉത്തമഭരണാധികാരി അതെല്ലാം ശ്രദ്ധിച്ച് അതിനാൽ ബാധിക്കപ്പെട്ട് മുമ്പോട്ട് പോയാൽ ഭരണവൈകല്യം അല്ലാതെ നേട്ടങ്ങളൊന്നും ഉണ്ടാക്കാൻ കഴിയുകയില്ല. രാജി വെച്ചൊഴിയേണ്ട സംഘർഷഭരിതമായ സാഹചര്യങ്ങളിലും പ്രക്ഷുബ്ദമായ അന്തരീക്ഷത്തെ പ്രഭാഷണം കൊണ്ട് എനിക്കു ശാന്തമാക്കിയ എത്രയോ ധീരദേശാഭിമാനികൾ ഉള്ള നാടാണിത്. ഏറ്റവും കുറഞ്ഞത് അവരെയെങ്കിലും ശ്രദ്ധിച്ചാൽ നമ്മുടെ ആളുകൾക്ക് വിമർശനങ്ങളെ സധൈര്യം നേരിടാനുള്ള ഒരു ശേഷി ലഭ്യമായേനേ.

പ്രതിഭാശാലികളായ ആളുകളൊന്നുംതന്നെ വിമർശനങ്ങളിൽ തളരാത്തവരാണ്. പത്രങ്ങളോ മറ്റു മാധ്യമങ്ങളോ പുറകേ നടന്നാക്രമിക്കുമ്പോഴും അതിനെയൊക്കെ പുഞ്ചിരിയോടെ നേരിട്ടിട്ടുള്ള നേതാക്കന്മാരുടെ മുമ്പിൽ ഇവയെല്ലാം നാണിച്ചുപോകുകയാണ് പതിവ്. നാം ഒരു പ്രാവശ്യം വായ് പൂട്ടിയാൽ നാലു പ്രാവശ്യം നമുക്കെതിരെ പറഞ്ഞ മാധ്യമത്തിന്റെ വായ് നിഷ്പ്രയാസം നമുക്കടയ്ക്കാം. എന്നാൽ മാധ്യമങ്ങൾ ഒന്നു പറയുമ്പോൾ നാല് പറയുന്ന നേതാക്കന്മാരാണ് നമുക്കുള്ളത്. അതുകൊണ്ട് അവരുടെ പിന്നാലെ കൂടുന്ന മാധ്യമ മനസാക്ഷി അവർ ഈ പരിപാടി അവസാനിപ്പിക്കുന്നതുവരെ പിന്തുടരും. അതാണ് ഇന്നിവിടെ കണ്ടുവരുന്നത്.

ഒരു സംസ്കാരസമ്പന്നമായ ജനാധിപത്യ സമൂഹത്തിൽ ജീവിക്കുന്ന പെന്തക്കോസ്ത് നേതാക്കന്മാർ മാധ്യമങ്ങളോടുള്ള സമീപനത്തിൽ കുറേക്കൂടെ മാന്യത പാലിക്കേണ്ടിയിരിക്കുന്നു. ആയിരം മനുഷ്യരുടെ വാമൊഴികളെ തടയാൻ അവരുടെ ആൾബലംകൊണ്ട് സാധിച്ചേക്കാം. പക്ഷേ ഒരു മാധ്യമത്തിന്റെ വായ് മൂടാൻ ആയിരം ചേവകന്മാർ ഒന്നിച്ചിറങ്ങിയാലും സാധിക്കുകയില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നവർക്ക് ബുദ്ധിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവും.

സമീപകാലങ്ങളായിട്ടാണ് പത്രങ്ങൾക്കും പത്രപ്രവർത്തകർക്കും എതിരെ ഗുണ്ടാ ആക്രമണങ്ങളും പരസ്യപ്രസ്താവനകളുമൊക്കെ രംഗത്തുവരുന്നത്. എവിടെനിന്നെങ്കിലും പത്തുപുത്തനും കൂലിക്ക് കസേരയുടെ പിന്നിൽ നിൽക്കാൻ പത്ത് ആളുകളെയും കിട്ടുമ്പോൾ പെന്തക്കോസ്തിന്റെ നവനേതാക്കന്മാർക്ക് തോന്നുന്ന ഒരു ഭൂതി മാത്രമാണിത്. മലയാള മനോരമ അടക്കം ഉള്ള പത്രങ്ങൾ ഞങ്ങൾക്കുണ്ട് എന്ന അഹങ്കാരത്തിൽ പെന്തക്കോസ്ത് പത്രമാധ്യമങ്ങളെ പടിക്കുപുറത്തുനിർത്തിയിട്ട് പ്രവർത്തനസജ്ജരായ പല പ്രസ്ഥാനങ്ങളും ഇന്ന് നിലനിൽപ്പിന്റെ പ്രതിസന്ധി നേരിടുകയാണ്. ഒരിക്കൽ ബന്ധം വിട്ടവരെ പിന്നെ പുറകേ ചെന്ന് ബന്ധം സ്ഥാപിച്ച് വാർത്ത കൊടുക്കേണ്ട ഗതികേട് അത്തരക്കാർക്ക് വന്നത് ഇവിടെ പരസ്യമായ രഹസ്യമാണ്. കായബലത്തിന്റെയും കാശുമിടുക്കിന്റെയും ചില തിണ്ണമിടുക്ക് കാണിച്ചവരുടെ പ്രസ്ഥാനങ്ങൾ പോലും നിലനിൽപ്പില്ലാത്ത സ്ഥിതിയിലെത്തിയതിന്റെ പിന്നിൽ പെന്തക്കോസ്ത് മാധ്യമങ്ങളുടെ പങ്ക് ഉണ്ടെന്നുള്ളത് ആർക്കാണ് അറിയാത്തത്.

ഇതൊക്കെ പരസ്യമാണെങ്കിലും ഒരു പാഠമാക്കാൻ നമ്മുടെ ആത്മീയനേതൃത്വങ്ങൾക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കാശും ആൾബലവും കൊണ്ട് പിന്നെയും പത്രത്തിനും പത്രക്കാർക്കുമെതിരെ ഗുണ്ടായിസത്തിനിറങ്ങുന്നത്. ഞങ്ങൾ പറയുന്നത് തെറ്റ്, നിങ്ങൾ ചെയ്യുന്നതിൽ ഒരു തെറ്റുമില്ലായെന്ന് ചിന്തിക്കരുത്. ചിലപ്പോൾ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ഒരു കപ്പ് ചായ മോന്തുന്ന സമയം കൊണ്ട് പറഞ്ഞു തീർക്കാനുള്ള വിഷയമായിരിക്കും, പരസ്പരം പോർവിളിക്ക് കളമൊരുക്കി രംഗത്തുവരുന്നത്. മാധ്യമപടയെ ഒതുക്കാൻ ഗുണ്ടാപടയുടെ ആവശ്യമില്ലല്ലോ. ഒന്നിച്ച് സംസാരിക്കാം. നമ്മൾ ആത്മീയരല്ലേ.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ




ലേഖനം

# പറഞ്ഞുവിടുന്ന വാക്കും എറിഞ്ഞുവിടുന്ന കല്ലും തിരിച്ചുവരുമൊ?



ഇ. ജോൺ കച്ച്

മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേക ഹീനനായാൽ അവൻ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യൻ. പ്രഭാതം മുതൽ പ്രദോഷംവരെ വായിൽനിന്നു പുറത്തുവിടുന്ന വാക്കുകൾ ഒരിക്കലും തിരിച്ചെടുക്കുവാൻ സാധിക്കത്തില്ല. ദൈവസന്നിധിയിൽ ഒരു വാക്കുച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുതെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ഇവിടെ വിവേകത്തോടെ ചിന്തിച്ച് സംസാരിക്കുവാൻ ഉത്സാഹിക്കേണ്ടത് അത്യാവശ്യമാണ്. കേൾക്കുന്നതിനുമുമ്പായി ഉത്തരം പറയുന്നവർ ചിന്താശക്തിയില്ലാത്തവരെന്നേ പൊതുജനം മനസ്സിലാക്കുകയുള്ളു. ഇങ്ങനെയുള്ള ചിന്താശക്തിയില്ലാത്തവർ പിന്നത്തേതിൽ ഒരു വലിയ വില കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. നാം അറിയപ്പെടുന്ന ഒരു വ്യക്തിയാണ് ബൈബിളിൽ കാണുന്ന യിപ്താഹ്. അവൻ പരാക്രമശാലിയാണെങ്കിലും വേശ്യാപുത്രനായിരുന്നു. ജീവിതത്തിൽ നിഷ്ഠയുള്ളവനും തന്റെ ജീവിതം പക്വതയിൽ കാത്തുസൂക്ഷിച്ചവനും തന്നെ. ഏവർക്കും പാഠമായിരിക്കേണ്ട അനുഭവങ്ങൾ യിപ്താഹിന്റെ ജീവിതത്തിൽ നിന്നും പകർത്തുവാൻ സാധിക്കും. യിപ്താഹ് ഒരു വേശ്യാപുത്രനായതുകൊണ്ട് നിന്ദിക്കപ്പെട്ടും, മാന്യതയില്ലാത്തവനുമായി തങ്ങളുടെ മിത്രങ്ങളുടെയും യിസ്രായേല്യരുടെ യും മദ്ധ്യത്തിൽ ഒരു പരസ്ത്രീയുടെ മകൻ എന്നുപറഞ്ഞ് പരിഹാസവിഷയമായും തീർന്നതുകൊണ്ട് തന്റെ സഹോദരന്മാരെ വിട്ട് തോബ്ദേശത്തിൽ പോയി പാർത്തു. ഈ കാലയളവിൽ അമോന്യർ കൂടെകൂടെ യിസ്രായേല്യരോട് യുദ്ധം ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് ഗിലയാദിലെ മൂപ്പൻന്മാർ തോബ് ദേശത്തുചെന്ന് അമോന്യരോട് യുദ്ധം ചെയ്യേണ്ടതിന് നീ വന്ന് സേനാപതി ആയിരിക്ക എന്ന് പറഞ്ഞു. യിപ്താഹ് അവരോട് നിങ്ങൾ എന്നെ പകച്ച് പിതൃർഭവനത്തിൽ നിന്നും നീക്കികളഞ്ഞു. എന്നാൽ കഷ്ടത്തിലായ സമയമോ നിങ്ങളെന്റെ അടുക്കൽ എന്തിനുവരണം?. അതിന് യിസ്രായേൽമൂപ്പന്മാർ അങ്ങനെയല്ലാ; നീ വന്നു അമോന്യരോട് യുദ്ധം ചെയ്യുകയും മാത്രമല്ല നീ ഞങ്ങൾക്ക് തലവനായിരിക്കുകയും വേണം. യിപ്താഹിന് അത് വിശ്വസിപ്പാൻ കഴിഞ്ഞില്ല. എന്നെ തലവനാക്കുമോ എന്നു ചോദിച്ചപ്പോൾ നീ പറഞ്ഞതുപോലെ ഞങ്ങൾ ചെയ്യും യഹോവ നമ്മുടെ മദ്ധ്യേ സാക്ഷി!.

അമോന്യരോട് യുദ്ധത്തിനു പോകുന്നതിനുമുമ്പായി യിപ്താഹ് യഹോവയോട് ഒരു നേർച്ച നേർന്നു. നീ അമോന്യരെ എന്റെ കൈയ്യിൽ ഏൽപ്പിക്കുമെങ്കിൽ ഞാൻ അമോന്യരെ ജയിച്ച് സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതുക്കൽ നിന്ന് എന്നെ എതിരേറ്റു വരുന്നത് യഹോവയ്ക്കുള്ളതായിരിക്കും അവൻ യുദ്ധം ജയിച്ച് മിസ്പയിൽ തന്റെ വീട്ടിലേക്ക് ചെല്ലുമ്പോൾ ഇതാ! അവന്റെ ഏക മകൾ തപ്പോടും നൃത്തത്തോടുകൂടെ അവനെ എതിരേറ്റുവന്നു. അവളെ കണ്ടമാത്രയിൽ അവൻ വസ്ത്രം കീറി; അയ്യോ! എന്റെ മകളെ നീ എന്റെ തല കുനിയിച്ചുവല്ലോ! യഹോവയോട് ഞാൻ ഒരു കാര്യം പറഞ്ഞുപോയി, എനിക്ക് പിന്മാറികൂടാ എന്നുപറഞ്ഞു. അവളോ യുദ്ധം ചെയ്ത് ജയിച്ചുവന്ന അപ്പനെ സ്വീകരിപ്പാൻ സന്തോഷത്താൽ മതിമറന്ന് എതിരേറ്റുകൊണ്ടുവരുവാൻ പോയ മകൾ ഉണ്ടാകുവാൻ പോകുന്ന സംഭവഗതികൾ അറിഞ്ഞിരുന്നില്ല. അതിന് മകൾ അപ്പാ! നീ യഹോവയോട് പറഞ്ഞുപോയിട്ടുണ്ടെങ്കിൽ നിന്റെ വായിൽനിന്നും പുറപ്പെട്ടതുപോലെ എന്നോടു ചെയ്യുക എന്നുപറഞ്ഞു. അവന്റെ ഹൃദയം ദു:ഖത്താൽ തകർന്നുപോയി. എന്റെ ഒരേയൊരു മകളെ യാഗം കഴിയ്ക്കുകയെന്നോ? ഇതിനു പരിഹാരമായി ചിന്തിച്ചിട്ട് മറ്റൊരുമാർഗ്ഗം കാണുന്നില്ല.

സത്യം ചെയ്തിട്ട് ഛേദം വന്നാലും മാറാത്തവൻ യഹോവയുടെ കൂടാരത്തിൽ പാർക്കും (സങ്കീ. 15:4). തന്റെ മകളേക്കാൾ യഹോവയോട് താൻ ചെയ്ത വാക്കിന് കൂടുതൽ വിലകൊടുത്തു. മറ്റേതൊന്നിനെക്കാളും ദൈവത്തെ അവൻ സ്നേഹിച്ചു, ഭയപ്പെട്ടു. അവൻ ചെയ്ത നേർച്ചപോലെ തന്റെ ഓമനമകളെ യാഗമായി അർപ്പിച്ചു. നിന്റെ ദൈവമായ യഹോവയ്ക്ക് നേർച്ച നേർന്നാൽ നിവൃത്തിപ്പാൻ താമസിക്കരുത്. നിങ്ങളുടെ വാക്ക് ഉവ്വ്; ഉവ്വ് എന്നും ഇല്ല; ഇല്ല എന്നുമായിരിക്കട്ടെ. ഇതിൽ അധികമായത് ദുഷ്ടനിൽ നിന്നുമത്രേ.

ഇന്നും സ്ഥാനമാനങ്ങൾക്കാണല്ലോ വടംവലി. ആത്മീകരുടെ മദ്ധ്യത്തിലും ഇതുതന്നെയല്ലെ നടക്കുന്നത്. വേശ്യാപുത്രൻ എന്നു പറഞ്ഞ് ആക്ഷേപിച്ച് തള്ളികളഞ്ഞവനെ ശത്രുഭയത്തിൽ നിന്നും രക്ഷിപ്പാൻ വിളിച്ചുകൊണ്ടുവരികയാണ്. കാര്യം കാണുവാൻ കഴുതക്കാലും പിടിയ്ക്കണമെന്നല്ലെ പഴഞ്ചൊല്ല് സഹവിശ്വാസികളുമായി ഭിന്നിച്ചുനില്ക്കുന്ന വേളകളിൽ പലപ്പോഴും താങ്ങും തണലുമായി നിൽക്കേണ്ടവരെ തള്ളിക്കളയുമ്പോൾ അല്പം സാവകാശമായി ചിന്തിക്കുന്നത് നന്നായിരിക്കും. ഒരു സമയത്ത് ഇവരെകൊണ്ട് നമുക്ക് ആവശ്യമായി വരുമെന്നുള്ള യാഥാർത്ഥ്യം തള്ളികളയരുത് ഒരുവനെ വെറുക്കുവാൻ പ്രയാസമില്ല. എന്നാൽ അവരെ നിലനിർത്തികൊണ്ടുപോകുവാൻ അല്പം പ്രയത്നം ചെയ്യേണ്ടിവരും. ഇവിടെ വെറുത്തവർ വെറുക്കപ്പെട്ടവനെ തേടിപ്പോയി! ഒരു പാത്രം ഉടയ്ക്കുവാൻ പ്രയാസമില്ല, പക്ഷേ മെനയപ്പെടുവാനോ ബുദ്ധിമുട്ടുള്ളതാണെന്ന് നാം മറന്നുകളയരുത്. നമ്മുടെ മാനസാന്തരം പ്രവൃത്തിയിലും മറ്റുള്ളവർക്കും മാതൃകയായിരിക്കണം. പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്കുമനസ്സുണ്ടോ (യാക്കോ. 2:20). നാം സംസാരിക്കുന്ന ഒരോ വാക്കുകളും പരിജ്ഞാനത്തിന്റേയും ആത്മശക്തിയുടേയും പ്രതിഫലനമായിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. വാക്കുകൾ പെരുകിയാൽ പാപം ഉണ്ട്. യിപ്താഹിന്റെ നേർച്ച അല്പം ധൃതിയിൽ ആയിരുന്നോയെന്ന് തോന്നിപ്പോകുന്നു. വീട്ടിലേക്കുവരുമ്പോൾ വീട്ടുകാർ ആദ്യം ഇറങ്ങി അനുമോദിക്കുവാൻ സാധ്യതയുണ്ടെന്ന് യിപ്താഹ് ചിന്തിക്കേണ്ടിയിരുന്നു. യുദ്ധം ആവേശമുള്ളതാണെങ്കിലും അവന്റെ നേർച്ചയിൽ ദൂരദൃഷ്ടി ഉണ്ടാകേണ്ടത് അത്യാവശ്യമായിരുന്നു എന്ന് നമ്മെയും പഠിപ്പിക്കുന്നു. അതുചെയ്യാതെ ധൃതിപിടിച്ചാൽ ഒളിഞ്ഞിരിക്കുന്ന വിപത്തുകൾ പലർക്കും സംഭവിച്ചെന്നിരിക്കും.

04

FOCUS INDIA THEOLOGICAL COLLEGE
P.B.No. 14, V.K. Road, Nilambur P.O., Malappuram Dt., Kerala-679329
Associate Member of Asia Theological Association(ATA)

Residential Courses

| # | Courses | Duration | Medium | Qualification |
|---|---|---|---|---|
| 1 | B.Th+B.A. | 3 Years | English | +2 pass |
| 2 | G.Th. | 3 Years | English | 10th pass |
| 3 | C.Th. | 1 Year | English | 10th pass |

Distance Courses
B.Th. 3Years English/Malayalam, for candidates passed +2
Dip.Th. 2Years English/Malayalam, for candidates passed 10th
C.Th. 1Year English/Malayalam, for candidates passed 10th

Our Faculty:
Other Qualified & Well experienced Ministers take periodical module sessions

B.Th+B.A.
Classes Begin on 21st May

FOR MORE DETAILS & APPLICATION FORM, CONTACT:
The Registrar
FOCUS INDIA THEOLOGICAL COLLEGE

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 06
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
25/03/2014

## ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളേജ്**
ബി. കോം, ബി ബി എം,
ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

**ഏബനേസർ കോളേജ്**
**& സ്കൂൾ ഓഫ് നേഴ്സിംഗ്**
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

| | |
|---|---|
| ബി.എസ്.സി. നേഴ്സിംഗ് | കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ് |
| ജി. എൻ.എം. | കാലാവധി - 3 വർഷം / യോഗ്യത - 10 +2/ 40% |

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

**Brisbane North**
INSTITUTE OF TAFE

▶ **Diploma in Hospitality** (Australian Degree)

Brisbane North Institute of TAFE - Queensland

Academic Requirements:
Grade 12 (10+2) Minimum 50%

Intake: June

Course Details
Duration: 12 Months,
Full Time
Eben-Ezer Campus Banglore

Outcome
BNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

വിജയത്തിന്റെ പടവുകൾ താണ്ടുന്ന ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Web Site
www.ebenezerblr.org


The Administrator
Eben-Ezer Institutions, No. 19, Ebenezer Nagar,
Kothanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909, 28445678, 09740157249,
09448476968, 09845890178
E -mail : ebenezerblr@yahoo.co.in

## I.P.C. CARMEL DUBAI
presents

WAY TRUTH & LIFE

# കൺവൻഷൻ 2014

Speaker



PR. VARGHESE ABRAHAM
(പാസ്റ്റർ രാജു മേത്ര)

| VENUE | DATE | TIME |
|---|---|---|
| HOLY TRINITY CHURCH COMMUNITY HALL<br>Oud Metha Road, Dubai | 7,8&9 APRIL 2014<br>[MON,TUE&WED] | 7.30 PM - 10.00 PM |

CHOIR
CARMEL VOICE

COME! ATTEND! BE BLESSED!
Transportation Available from Sonapur,Alquoz and Jebel Ali

Details: Pastor C.D Samuel 050 6783845,055 6783845 www.ipccarmel.com

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.